കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുമളി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-8/134/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 12/04/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-8/134/2022 തീയ്യതി: 12/04/2022

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 28-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സി.ആർ .ബീനാകുമാരി	ഡെപ്യൂട്ടി ഡയറക്ടർ	29-12-2021	07-01-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
29-12-2021	07-01-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുസനിയാമ്മ തോമസ്,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. സണ്ണി എം.യു, ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. മെജോ കെ.ജോർജ്, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ഷീബ സുരേഷ്	പ്രസിഡന്റ്	01-04-2020	10-11-2020
ഭരണ നിർവ്വഹണ കമ്മിറ്റി	സെക്രട്ടറി	11-11-2020	29-12-2020
ശ്രീമതി.ശാന്തി ഷാജിമോൻ	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീ.കെ.സെൻ കുമാർ	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സിഫി പി	അസി.സെക്രട്ടറി	01-04-2020	12-06-2020
ശ്രീ.ബൈജു കെ.ലാൽ	അസി.സെക്രട്ടറി	13-06-2020	31-03-2021

ശ്രീമതി.ഷിൻജ ബഷീർ	ഡയറി എക്സറ്റൻഷൻ ഓഫീസർ	01-04-2020	31-03-2021
ഡോ.കാളീശ്വരൻ	വെറ്ററിനറി സർജൻ	01-04-2020	31-03-2021
ഡോ.ജീന കെ.കെ	ആയുർവ്വേദം,മെഡിക്കൽ ഓഫീസർ	01-04-2020	15-11-2020
ഡോ.ഇന്ദു വി.സുകുമാർ	ആയുർവ്വേദം,മെഡിക്കൽ ഓഫീസർ	16-11-2020	31-03-2021
ശ്രീ.വർഗ്ഗീസ് ജോസഫ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീമതി.സിൽവി കെ.ജെ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2020	31-03-2021
ശ്രീമതി.നസീമ്മ	ഹെഡ്മിസ്ട്രസ്	01-04-2020	31-03-2021
ഡോ.വെങ്കിട്ടലക്ഷ്മൺ	മെഡിക്കൽ ഓഫീസർ പി.എച്ച്.സി	01-04-2020	15-04-2020
ഡോ.ലിന്റോ മാത്യു	മെഡിക്കൽ ഓഫീസർ പി.എച്ച്.സി	16-04-2020	17-06-2020
ഡോ.മനോജ് സുരേഷ്	മെഡിക്കൽ ഓഫീസർ പി.എച്ച്.സി	18-06-2020	03-09-2020
ഡോ.ഗീതു വർഗ്ഗീസ്	മെഡിക്കൽ ഓഫീസർ പി.എച്ച്.സി	04-09-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Jomon Francis (Senior Grade Auditor, On 11-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-1
2	വാർഷിക ധനകാര്യ പത്രിക Written By: Majo K George (Asst. Audit Officer, On 06-01-2022) Last Updated By: L.K.Sujatha (Computer Assistant, On 18-03-2022)	1-2
3	ഗ്രാന്റ് വിനിയോഗം Written By: Majo K George (Asst. Audit Officer, On 12-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-3
4	പദ്ധതി അവലോകനം Written By: M.U.Sunny (Audit Officer, On 10-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	1-4
5	തൊഴിലുറപ്പ് പദ്ധതി Written By: E.V.Gibi (Asst. Audit Officer, On 18-01-2022) Last Updated By: L.K.Sujatha (Computer Assistant, On 18-03-2022)	1-5
6	ക്ഷേമ പദ്ധതികൾ Written By: Susaniamma Thomas (Audit Officer, On 06-01-2022) Last Updated By: L.K.Sujatha (Computer Assistant, On 06-04-2022)	1-6
7	ക്യാഷ് വെരിഫിക്കേഷൻ Written By: Susaniamma Thomas (Audit Officer, On 06-01-2022) Last Updated By: L.K.Sujatha (Computer Assistant, On 18-03-2022)	1-7
8	ആഭ്യന്തര നിയന്ത്രണം Written By: Susaniamma Thomas (Audit Officer, On 11-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	1-8
9	പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല Written By: DENNIS JOSEPH (Auditor, On 18-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-9
10	ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല Written By: Majo K George (Asst. Audit Officer, On 18-01-2022) Last Updated By: Majo K George (Asst. Audit Officer, On 24-03-2022)	1-9-1
11	ക്യാൻസൽ ചെയ്തിട്ടുള്ള സാംഖ്യ രസീതുകൾ വസ്തു നികുതിയിനത്തിൽ പോസ്റ്റ് ചെയ്തിരിക്കുന്നു Written By: DENNIS JOSEPH (Auditor, On 07-01-2022) Last Updated By: L.K.Sujatha (Computer Assistant, On 18-03-2022)	1-10
12	അടിസ്ഥാന വസ്തു നികുതി നിരക്കിൽ കുറവ് Written By: DENNIS JOSEPH (Auditor, On 07-01-2022) Last Updated By: L.K.Sujatha (Computer Assistant, On 06-04-2022)	1-11
13	ആനക്കുഴി പ്രിയദർശിനി റോഡ് പുനരുദ്ധാരണം-പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം ആയി ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് വരുത്തിയില്ല Written By: M.U.Sunny (Audit Officer, On 08-01-2022) Last Updated By: L.K.Sujatha (Computer Assistant, On 06-04-2022)	1-12
14	ആധുനിക അറവുശാല നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല Written By: M.U.Sunny (Audit Officer, On 09-01-2022) Last Updated By: L.K.Sujatha (Computer Assistant, On 06-04-2022)	1-13
15	ഒടമേട്-ശങ്കുണ്ണിപ്പാലം റോഡ് ടാറിംഗ് - കാലി വീപ്പയുടെ വില കുറവ് ചെയ്തില്ല Written By: M.U.Sunny (Audit Officer, On 08-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-14
16	ഒന്നാം മൈൽ-സംഘമിത്ര റോഡ് കോൺക്രീറ്റിംഗ് - ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം അധികം തുക നൽകി Written By: M.U.Sunny (Audit Officer, On 08-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	1-15
17	മുക്കു റോഡ്-ആനക്കുഴി-പുതുവൽ റോഡ് പുനരുദ്ധാരണം -പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം ആയി ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പൂർണ്ണമായും വരുത്തിയില്ല Written By: M.U.Sunny (Audit Officer, On 08-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	1-16
18	ലാപ്ടോപ്പ് വിതരണത്തിനായി തുക ഒടുക്കിയിട്ടും ലാപ്ടോപ്പ് ലഭിച്ചിട്ടില്ല Written By: E.V.Gibi (Asst. Audit Officer, On 10-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-17
19	തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി എ.ബി.സി.- പദ്ധതി നിർവ്വഹണ വിവരം ലഭ്യമല്ല	1-18

	Written By: E.V.Gibi (Asst. Audit Officer, On 10-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	
20	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ Written By: E.V.Gibi (Asst. Audit Officer, On 10-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-19
21	സുഭിക്ഷ കേരളം പദ്ധതി - വിതരണ വിവരങ്ങൾ ലഭ്യമല്ല – ചെലവ് തടസ്സം ₹11,99,815/- Written By: Jomon Francis (Senior Grade Auditor, On 11-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	1-20
22	ഭവന പുനരുദ്ധാരണം വാല്യുവേഷനേക്കാൾ കൂടുതൽ തുക നൽകി നഷ്ടം ₹8,103/- Written By: Jomon Francis (Senior Grade Auditor, On 11-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-21
23	എസ്.എസ്.എ. വിഹിതം ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ ചെയ്ത പ്രവർത്തനങ്ങളുടെ വിനിയോഗ വിവരം ലഭ്യമല്ല Written By: Majo K George (Asst. Audit Officer, On 12-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-22
24	നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല Written By: Majo K George (Asst. Audit Officer, On 12-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-23
25	ഹോമിയോ മരുന്ന് ലഭ്യമായില്ല - ചെലവ് തടസ്സം Written By: Susaniamma Thomas (Audit Officer, On 11-01-2022) Last Updated By: L.K.Sujatha (Computer Assistant, On 06-04-2022)	1-24
26	വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകത- നഷ്ടം ₹24,850/- Written By: E.V.Gibi (Asst. Audit Officer, On 12-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	1-25
27	എച്ച്.എം.സി കണക്കുകൾ സമർപ്പിക്കുന്നില്ല Written By: Susaniamma Thomas (Audit Officer, On 11-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-26
28	കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾ Written By: Susaniamma Thomas (Audit Officer, On 11-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-27
29	വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് വിതരണം - അധിക തുകയുടെ ബിൽ നൽകി - നഷ്ടം ₹33,600/- Written By: E.V.Gibi (Asst. Audit Officer, On 12-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	1-28
30	വൈദ്യുതീകരണ പ്രോജക്ടുകൾ - കരാറുകാരന് അധിക തുക നൽകി Written By: Majo K George (Asst. Audit Officer, On 17-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	1-29
31	സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിച്ചില്ല Written By: Majo K George (Asst. Audit Officer, On 17-01-2022) Last Updated By: L.K.Sujatha (Computer Assistant, On 11-04-2022)	1-30
32	പ്രോക്യൂർമെന്റ് മാനദണ്ഡങ്ങൾ പാലിക്കാതെ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചു - 49 ലക്ഷം തടസ്സപ്പെടുത്തുന്നു Written By: Majo K George (Asst. Audit Officer, On 17-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-30-1
33	സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- അധിക തുക നൽകി Written By: Majo K George (Asst. Audit Officer, On 17-01-2022) Last Updated By: Eby Abraham (Senior Grade Auditor, On 11-04-2022)	1-30-2
34	സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - വ്യാജ ജി.എസ്.ടി. ബില്ലുകൾ ഹാജരാക്കി Written By: Majo K George (Asst. Audit Officer, On 17-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	1-30-3
35	സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ ഫയലുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ഹജരാക്കിയില്ല Written By: Majo K George (Asst. Audit Officer, On 18-01-2022) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	1-31
36	പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - ₹99,88,705/- തടസ്സപ്പെടുത്തുന്നു Written By: Majo K George (Asst. Audit Officer, On 18-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	1-32

ഭാഗം 2

--- No Records Found ---

ഭാഗം 3

1	ആനക്കുഴി പ്രിയദർശിനി റോഡ് പുനരുദ്ധാരണം - പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം ആയി ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് വരുത്തിയില്ല Written By: M.U.Sunny (Audit Officer, On 08-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	3-1
2	മുക്കു റോഡ് ആനക്കുഴി പുതുവൽ റോഡ് പുനരുദ്ധാരണം - പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം ആയി ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പൂർണ്ണമായും വരുത്തിയില്ല Written By: M.U.Sunny (Audit Officer, On 08-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	3-2
3	ഒന്നാം മൈൽ സംഘമിത്ര റോഡ് കോൺക്രീറ്റിംഗ് - ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം അധികം തുക നൽകി Written By: M.U.Sunny (Audit Officer, On 08-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	3-3
4	ആധുനിക അറവുശാല നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല Written By: M.U.Sunny (Audit Officer, On 09-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	3-4
5	വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത - നഷ്ടം ₹24,850/- Written By: E.V.Gibi (Asst. Audit Officer, On 12-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	3-5
6	വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് വിതരണം - ബിൽ തുക അധികം നൽകി-നഷ്ടം ₹33,600/- Written By: E.V.Gibi (Asst. Audit Officer, On 12-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	3-6
7	സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ- അധിക തുക നൽകി Written By: Majo K George (Asst. Audit Officer, On 18-01-2022) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	3-7
	ഭാഗം 4	
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Susaniamma Thomas (Audit Officer, On 30-12-2021) Last Updated By: L.K.Sujatha (Computer Assistant, On 21-03-2022)	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: Susaniamma Thomas (Audit Officer, On 30-12-2021) Last Updated By: L.K.Sujatha (Computer Assistant, On 21-03-2022)	4-2
3	നിക്ഷേപ പ്രവൃത്തികളുടെ വിവരം Written By: Susaniamma Thomas (Audit Officer, On 30-12-2021) Last Updated By: L.K.Sujatha (Computer Assistant, On 06-04-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് Written By: Susaniamma Thomas (Audit Officer, On 30-12-2021) Last Updated By: L.K.Sujatha (Computer Assistant, On 21-03-2022)	4-4
5	വായ്പ/വായ്പ തിരിച്ചടവ് Written By: Susaniamma Thomas (Audit Officer, On 30-12-2021) Last Updated By: L.K.Sujatha (Computer Assistant, On 06-04-2022)	4-5
6	സ്ഥിര നിക്ഷേപം Written By: Susaniamma Thomas (Audit Officer, On 30-12-2021) Last Updated By: L.K.Sujatha (Computer Assistant, On 31-03-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: Susaniamma Thomas (Audit Officer, On 03-01-2022) Last Updated By: L.K.Sujatha (Computer Assistant, On 21-03-2022)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: Susaniamma Thomas (Audit Officer, On 30-12-2021) Last Updated By: L.K.Sujatha (Computer Assistant, On 21-03-2022)	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം Written By: Susaniamma Thomas (Audit Officer, On 30-12-2021) Last Updated By: L.K.Sujatha (Computer Assistant, On 30-03-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Susaniamma Thomas (Audit Officer, On 30-12-2021) Last Updated By: L.K.Sujatha (Computer Assistant, On 11-04-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Susaniamma Thomas (Audit Officer, On 30-12-2021) Last Updated By: L.K.Sujatha (Computer Assistant, On 21-03-2022)	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് ജനറൽ കമ്മിറ്റിയുടെ 12.03.2020-ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ₹11,12,27,732/- മുന്നിരിപ്പും ₹51,11,41,000/- വരവും ₹48,88,02,000/- ചെലവും ₹13,35,66,732/- നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന പുതുക്കിയ ബജറ്റ് ജനറൽ കമ്മിറ്റിയുടെ 02.02.2021 ലെ 3(1) തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2021	19.04.2021		

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസന ഫണ്ട്-പൊതുവിഭാഗം	0	65035468	65035468	60910774	4124694
വികസന ഫണ്ട്-എസ്.സി.പി	0	16054000	16054000	14959921	1094079
വികസന ഫണ്ട്-ടി.എസ്.പി	0	4197000	4197000	3587303	609697
14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്)	0	19268517	19268517	19268517	0
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	0	23330000	23330000	9953959	13376041
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	23330000	23330000	12484346	10845654
സംരക്ഷണ ഗ്രാന്റ്-റോഡ്	0	18139000	18139000	18037329	101671
സംരക്ഷണ ഗ്രാന്റ്-റോഡിതരം	0	7849000	7849000	5662596	2186404
മഴക്കാല പൂർവ്വ ശുചീകരണം	200000	200000	400000	200000	200000
ടോട്ടൽ സാനിറ്റേഷൻ-പെർഫോമൻസ് ഗ്രാന്റ്	0	3134157	3134157	2589565	544592
ഐ.സി.ഡി.എസ്	148527	1429107	1577634	898215	679419
ടി.എസ്.പി-കോർപ്പസ് ഫണ്ട്	0	59000	59000	0	59000
ബഡ്സ് സ്കൂൾ ബസ് വാങ്ങൽ	0	1500000	1500000	0	1500000
ശബരിമല	0	370000	370000	58900	311100
കോവിഡ്-ഡി.ഡി.എം.എ	0	1729176	1729176	1729176	0
ഹരിത കേരളം അവാർഡ്	300000	0	300000	209715	90285

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റെസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

ഫണ്ട്	ബജറ്റ് വിഹിതം ₹	അധിക അലോട്ട്മെന്റ് ₹	ലൈഫ് ലോൺ ₹	അംഗൻവാടി ഹോണറേറിയം ₹	വോട്ടിംഗ് മെഷീൻ ₹	അക്കൗണ്ട് ചെയ്ത ഫണ്ട് ₹
വികസനഫണ്ട് (ജനറൽ)	53250000	11785468	4098509	2014800	0	58922159
വികസനഫണ്ട് (SCP)	16054000	0	1464079	0	0	14589921
വികസനഫണ്ട് (TSP)	4197000	0	307333	0	0	3889667
സംരക്ഷണ ഗ്രാന്റ്-റോഡിതരം	7849000	0	0	0	79387	7769613

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ച പദ്ധതികൾ	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയ പദ്ധതികൾ	പദ്ധതി ചെലവ് ₹	നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം %
502	337751751	410	194150604	92	81.67

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയവ	അടങ്കൽ (₹)	ചെലവ് (₹)
കൃഷി ഓഫീസർ	15	11	14057511	10036075
മെഡിക്കൽ ഓഫീസർ (ആരോഗ്യം)	8	8	7219645	6693622
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	6	6	2150000	212130

വെറ്ററിനറി സർജൻ	22	16	22909100	8918000
വി.ഇ.ഒ.	5	5	16825000	10487312
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	18	10	16171843	12333893
സെക്രട്ടറി	146	115	85020757	53528721
അസി. സെക്രട്ടറി	32	26	23220850	9099760
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	3000000	1500000
അസി. എഞ്ചിനീയർ	247	208	145564711	75570239
ആകെ	**502**	**410**	**337751751**	**194150604**

തൻ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 57.48% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ 83.75%ഉം എസ്.സി.പി. ഫണ്ടിന്റെ 65.13% ഉം ടി.എസ്.പി. ഫണ്ട് 65% ഉം വിനിയോഗിച്ചിട്ടുണ്ട്.

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണചെലവുകൾ	596	2246223	2246819	2245000	1819
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	71275000	71275000	71275000	0

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	7560	3
കർഷകതൊഴിലാളി പെൻഷൻ	1865000	730
വിധവാപെൻഷൻ	19728000	7388
വാർദ്ധക്യകാലപെൻഷൻ	42893400	16987
വികലാംഗപെൻഷൻ	4582300	1788
അവിവാഹിതർക്കുള്ള പെൻഷൻ	189400	71
വിധവകളുടെ മക്കൾക്കുള്ള ധനസഹായം	180000	6

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് തീർപ്പ് കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ട് മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന്

കൈമാറിയത് വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.12.2021-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹79,117/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറി പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ 2 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

1- 8-1 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-8-2 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-9 പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57-ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ 2020 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2020-21 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-9-1 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം

തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തു നികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

1-10 ക്യാൻസൽ ചെയ്തിട്ടുള്ള സാംഖ്യ രസീതുകൾ വസ്തു നികുതിയിനത്തിൽ പോസ്റ്റ് ചെയ്തിരിക്കുന്നു

താഴെ ചേർത്ത ക്യാൻസൽ ചെയ്തിട്ടുള്ള സാംഖ്യ രസീതുകൾ സഞ്ചയയിൽ വസ്തു നികുതിയിനത്തിൽ കളക്ഷനായി പോസ്റ്റ് ചെയ്തതിട്ടുള്ളതാണ്.

ക്രമ നം.	സാംഖ്യ രസീത് നമ്പർ/തീയതി	കെട്ടിട നമ്പർ	സാഖ്യ പ്രകാരം ക്യാൻസൽ ചെയ്ത രസീതിലെ തുക ₹	സഞ്ചയയിൽ വസ്തു നികുതിയായി പോസ്റ്റ് ചെയ്യപ്പെട്ട തുക ₹
1	120010100327/02-06-2020	16/388	2310	2310
2	120010101191/08-07-2020	8/668	2957	2957
3.	120010105456/10-02-2021	11/403	3510	3510
4	120010105457/10-02-2021	11/404	3510	3510
5.	120010105458/10-02-2021	11/405	1118	1118
6	121010100419/28-04-2021	2/535	2882	2882
7	121010100705/17-06-2021	13/181	1816	1816

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 12/തീ. 31.12.2021)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 അടിസ്ഥാന വസ്തു നികുതി നിരക്കിൽ കുറവ്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി നിർണ്ണയ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് കണ്ടെത്തി.

ക്രമ നം.	ഡി&ഒ രജിസ്റ്റർ പ്രകാരം ക്രമ നം.	വാർഡ് നം./ കെട്ടിട നമ്പർ	ലൈസൻസിയുടെ/ കെട്ടിട ഉടമയുടെ പേര്	ഉപയോഗ ക്രമം	വിസ്തീർണം (ച.മീ)	സഞ്ചയ പ്രകാരം നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് ₹	ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്തത് പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് ₹	ഈടാക്കുന്നതിൽ കുറവ് വന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് (ച. മീറ്ററിന്) ₹	ഈടാക്കുന്നതിൽ കുറവ് വന്ന വസ്തു നികുതി ₹
1.	19	10/446	മാനേജർ, മഹീന്ദ്ര ഹോളിഡേയ്സ് & റിസോർട്ട് ഇൻഡ്യ ലിമിറ്റഡ്	ആയുർവ്വേദിക് സ്പാ	1742	70	160	90	156780 (1742x90)
2.	28	12/627	രാജൻ ഗുരുക്കൾ	വാണിജ്യം	10	20	50	30	300 (30x10)
3.	45	18/512	ഗിരീഷ് കുമാർ വി.ആർ.	ആയുർവ്വേദിക് സ്പാ	239	90	160	70	16730 (239x70)
4	57	12/652	ജോർജ് എം. ജോർജ്	ആയുർവ്വേദിക് സെന്റർ	120	60	160	100	12000 (120x100)
5	160	12/1444	തോംസൺ തോമസ്	ഹോട്ടൽ	182	40	70	30	5460 (182x30)
6	168	15/606	പദ്മകുമാർ സി. എസ്.	ജിംനേഷ്യം	98	40	70	30	2940 (98x30)
7	222	16/371	ഷൈലജ സതീശൻ	ഹോട്ടൽ	40	6	50	44	1760 (40x44)
8	307	12/927	റിയാസ് അഹമ്മദ്	ആയുർവ്വേദിക് സ്പാ	84	60	160	100	84000 (84x100)

9	367	12/732	മൈക്കിൾ ഡൊമിനിക്	റിസോർട്ട്	220	60	90	30	6600 (220x30)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 14, തീ. 03/01/2022)ക്ക് നൽകിയ മറുപടി പ്രകാരം അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് കെട്ടിട നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ചാണോ അടിസ്ഥാന നികുതി നിരക്ക് നിർണ്ണയിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതാണ്.

1-12 ആനക്കുഴി പ്രിയദർശിനി റോഡ് പുനരുദ്ധാരണം-പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം ആയി ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് വരുത്തിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ
പ്രോജക്ട് നം.	259/21
പദ്ധതി അടങ്കൽ	₹18,20,000/- (വികസന ഫണ്ട് - ₹18,00,000/- സംരക്ഷണ ഗ്രാന്റ് റോഡ് - ₹20,000/-)
കൺവീനർ	രോഹിൻ സി.
കരാർ നം	134/AE/LSGD/KLY തീ.23.11.2018
അളവു ബുക്ക്	734/18-19
ബിൽ നം. & തുക	18100252013501574284/30.03.2019 - ₹2,60,755/- 19100252013500598305/23.09.2019 - ₹3,70,801/- 19100252013500982007/23.12.2019 - ₹3,24,555/- 19100252013501472062/12.03.2020 - ₹3,83,010/- 19100252013501638814/29.03.20;₹144448/-

ആനക്കുഴി പ്രിയദർശിനി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ₹15,84,783/- ക്വോട്ട് ചെയ്തിരുന്ന (എസ്റ്റിമേറ്റ് തുകയിൽ നിന്നും 12.92% കുറവ്) ശ്രീ. രോഹിൻ സി. എന്ന കരാറുകാരനെയാണ് ഏൽപ്പിച്ചിരുന്നത്. പഞ്ചായത്ത് ഭരണ സമിതി 21.10.2019-ലെ 3(11) നമ്പർ തീരുമാന പ്രകാരം അനുമതി നൽകിയതിനെ തുടർന്ന് 29.10.2019-ൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം 2 ആയി ഉൾപ്പെടുത്തിയിരുന്നത് കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ചുള്ള എർത്ത് ഫില്ലിംഗായിരുന്നു (60.2.1). പ്രസ്തുത പ്രവൃത്തിക്ക് ഡി.എസ്.ആർ ഷെഡ്യൂൾ പ്രകാരമുള്ള നിരക്ക് ₹482.13/M3 ആണ്. 09.08.2017-ലെ ജി.ഒ.(പി)നം.3/2017/പി.ഡബ്ല്യൂ.ഡി. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എക്സ്ട്രാ ഇനം ആയി ഉൾപ്പെടുത്തിയ പ്രവൃത്തിക്ക് ആകെയുള്ള ടെണ്ടർ കിഴിവിന്റെ അടിസ്ഥാനത്തിൽ നിരക്ക് അനുവദിക്കേണ്ടതാണ്.

കരാറുകാരൻ ക്വോട്ട് ചെയ്ത 12.92% കിഴിവ് വരുത്തിയ ശേഷം കരാറുകാരന് അനുവദിക്കാവുന്ന നിരക്ക് ₹419.83/M3 (482.13x87.08%) ആണ്. എന്നാൽ കരാറുകാരന് അനുവദിച്ചിരിക്കുന്നത് ₹475.91/M3 നിരക്കിലുള്ള തുകയാണ്. അധിക നിരക്ക് അനുവദിച്ചത് മൂലം കരാറുകാരന് അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

185.31m3 എർത്ത് ഫില്ലിംഗിന് ₹475.91/M3നിരക്കിൽ കരാറുകാരന് നൽകിയ തുക	₹88190.88
185.31m3 എർത്ത് ഫില്ലിംഗിന് ₹419.83/M3നിരക്കിൽ കരാറുകാരന് നൽകാവുന്ന തുക	₹77798.69
കരാറുകാരന് അധികം നൽകിയ തുക	₹10392

കരാറുകാരന് ₹10,392/- അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(എൻക്വയറി നം.9/30.12.2021) ഓഡിറ്റ് കണ്ടെത്തൽ ശരിയാണെന്നും തുക തിരികെ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. ₹10,392/- അന്തിമ ബിൽ തയ്യാറാക്കി നൽകിയ അസി. എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-13 ആധുനിക അറവുശാല നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനിയർ
പ്രോജക്ട് നം.	328/21
പദ്ധതി അടങ്കൽ	₹1,90,00,000/-
അളവ് ബുക്ക്	9657, 9885 & 9886
പദ്ധതി ചെലവ് വിശദാംശങ്ങൾ	ചെക്ക് നം. 046164/19.03.2013, ₹38,00,000/- ചെക്ക് നം. 040632/24.03.2013, ₹22,00,000/- ചെക്ക് നം. 195331/21.12.2013, ₹12,00,000/- ചെക്ക് നം. 26212330/09.01.2015, ₹30,00,000/- ചെക്ക് നം. 212647/10.04.2015, ₹20,00,000/- ചെക്ക് നം. 212612/07.04.2015, ₹12,00,000/- ചെക്ക് നം. 860220/13.04.2016, ₹3,70,00,000/- ചെക്ക് നം. 3732303/29.03.2021, ₹17,03,821/-

കുമളി ഗ്രാമ പഞ്ചായത്തിൽ ആധുനിക അറവുശാല നിർമ്മിക്കുന്നതിന് ₹1,90,00,000/-അടങ്കൽ നിശ്ചയിച്ച് 2012-13 വർഷം ആവിഷ്കരിച്ച പദ്ധതിയുടെ നിർവ്വഹണ ചുമതല അക്രെഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തെയാണ് ഏൽപ്പിച്ചിരുന്നത്. നിർമ്മിതി കേന്ദ്രവുമായി 08.08.2012-ൽ ഗ്രാമ പഞ്ചായത്ത് കരാറിലേർപ്പെടുകയും ചെയ്തു (കരാർ നം.001/AE/LSGD/KLY/12-13, തീ.

08.08.2012). അന്തിമ ബിൽ തയ്യാറാക്കി നിർമ്മിതി കേന്ദ്രത്തിന് തുക അനുവദിച്ചതിലും പദ്ധതി ആസൂത്രണത്തിലും താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാറ്റിനത്തിൽ അധികം തുക നൽകി

അളവ് ബുക്ക് പ്രകാരമുള്ള (എം. ബുക്ക് 9886) ആകെ പ്രവൃത്തി മൂല്യം ₹1,70,65,295/-യാണ്. ആകെ പ്രവൃത്തി മൂല്യത്തിന്റെ 5% വാറ്റ് ₹8,53,265/-യാണ്. എന്നാൽ ആകെ പ്രവൃത്തി മൂല്യം 2.5% ഇൻസ്റ്റിറ്റ്യൂഷണൽ ഫീ കൂടി ഉൾപ്പെടെയുള്ള ₹1,74,91,927/-യുടെ 5% ആയ ₹8,74,596/-യാണ് അക്രെഡിറ്റഡ് ഏജൻസിക്ക് നൽകിയിട്ടുള്ളത്. ₹21,331/- അധികം നൽകിയിട്ടുണ്ട്.

2. വാറ്റ് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല

01.07.2017 മുതൽ വാറ്റ് നിലവിലില്ലെങ്കിലും ആകെ പ്രവൃത്തി മൂല്യത്തിന്റെ 5% വാറ്റ് കണക്കാക്കി ₹8,74,596/- നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഏജൻസി വാറ്റ് തുക സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 01.07.2017 മുതൽ 2% നിരക്കിലുള്ള ജി.എസ്.ടി. ആയിരുന്നു ബാധകമായിരുന്നത്.

3. സെന്റേജ് ചാർജ്ജിനത്തിൽ അധികം തുക നൽകി

അളവ് ബുക്ക് പ്രകാരമുള്ള ആകെ പ്രവൃത്തി മൂല്യം ₹1,70,65,295/-യാണ്. ആകെ പ്രവൃത്തി മൂല്യത്തിന്റെ 2.5% ആയ ₹4,26,632/-യാണ് സെന്റേജ് ചാർജ്ജിനത്തിൽ നിർവ്വഹണ ഏജൻസിക്ക് അനുവദിക്കാവുന്നത്. എന്നാൽ സെന്റേജ് ചാർജ്ജിനത്തിൽ ₹4,37,298/- നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയിയിട്ടുണ്ട്. അധികം നൽകിയ ₹10,666/- ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

4. നിർവ്വഹണ ഏജൻസിക്ക് ഇൻസ്റ്റിറ്റ്യൂഷണൽ ഫീയിനത്തിൽ തുക അനുവദിച്ചു

നിർമ്മിതി കേന്ദ്രവുമായി ഗ്രാമ പഞ്ചായത്ത് ഒപ്പ് വെച്ച 08.08.2012-ലെ 001/AE/LSGD/KLY/12-13 നമ്പർ കരാറിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഫീ അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ നിർമ്മിതി കേന്ദ്ര ആകെ പ്രവൃത്തി മൂല്യമായ ₹1,70,65,295/-യുടെ 2.5% ആയ ₹4,26,632/- ഗ്രാമ പഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഈടാക്കേണ്ടതാണ്.

5. പദ്ധതി ആസൂത്രണത്തിലെ അപാകതകൾ മൂലം അറവുശാല പ്രവർത്തനക്ഷമമല്ല

ഗ്രാമ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥിതി ചെയ്യുന്ന വളപ്പിൽ തന്നെയാണ് ആധുനിക അറവുശാലയും നിർമ്മിച്ചിട്ടുള്ളത്. രണ്ട് സ്ഥാപനങ്ങളിലേക്കുമുള്ള പ്രവേശന കവാടവും ഒന്നുതന്നെയാണ്. ആധുനിക അറവുശാലയും മാലിന്യ സംസ്കരണ പ്ലാന്റും ഒരേ കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായേക്കാമെന്ന വസ്തുത പദ്ധതി ആസൂത്രണ സമയത്ത് പരിഗണിച്ചില്ല. അറവുശാലയിലേക്ക് ആവശ്യമായ ശുദ്ധജലത്തിന്റെ ലഭ്യതയും ഉറപ്പ് വരുത്തിയിരുന്നില്ല. കേരള വാട്ടർ അതോറിറ്റിയുടെ ഹൗസ് കണക്ഷൻ സംവിധാനം മാത്രമാണ് നിലവിലുള്ളത്. ബുധൻ, ഞായർ ദിവസങ്ങളിൽ മാത്രമാണ് ജലം ലഭ്യമാകുന്നത്. അറവുശാലയുടെ പ്രവർത്തനത്തിന് പ്രതിദിനം ഏകദേശം 6000 ലിറ്റർ വെള്ളം ആവശ്യമാണെന്നിരിക്കെ അറവുശാലയിലേക്ക് ആവശ്യമായ ജല ലഭ്യത ഉറപ്പ് വരുത്താതിരുന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയാണ്. ആധുനിക അറവു ശാല രണ്ട് നിലകളിലായിട്ടാണ് പണി കഴിച്ചിരിക്കുന്നത്. സീവേജ് ഫിൽട്ടറിംഗ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഫിൽട്ടറിംഗ് സംവിധാനത്തിന്റെ തകരാർ, ജല ലഭ്യതയുടെ അപര്യാപ്തത എന്നിവ മൂലം ആധുനിക അറവുശാലയുടെ പ്രവർത്തനം നിർത്തി വെച്ചിരിക്കുകയാണ്.

6. അറവുശാലയുടെ നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തി

നിർമ്മിതി കേന്ദ്രവുമായി ഗ്രാമ പഞ്ചായത്ത് ഒപ്പ് വെച്ച 08.08.2012-ലെ 001/AE/LSGD/KLY/12-13 നമ്പർ കരാറിൽ അറവുശാലയുടെ നിർമ്മാണം 31.03.2013-നകം പൂർത്തീകരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് 8 വർഷത്തിന് ശേഷമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 13.04.2016-നുള്ളിൽ പ്രോജക്ട് ചെലവിന്റെ 90 ശതമാനവും നിർമ്മിതി കേന്ദ്രയ്ക്ക് കൈമാറിയിരുന്നെങ്കിലും പദ്ധതിയുടെ പൂർത്തീകരണത്തിലുണ്ടായ അനന്തമായ കാല താമസം ഉപകരണങ്ങളുടെ പ്രവർത്തനക്ഷമതയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.32/7.01.22) വിശദീകരണം നൽകിയിട്ടില്ല.

സെന്റേജ് ചാർജ്ജിനത്തിൽ അധികം നൽകിയ ₹10,666/- (ഉപ ഖണ്ഡിക. 3) ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. വാറ്റ്, ഇൻസ്റ്റിറ്റ്യൂഷണൽ ഫീ എന്നീ ഇനങ്ങളിൽ നിർവ്വഹണ ഏജൻസിക്ക് നൽകിയ ₹13,01,228/- (874596+426632) തിരികെ ഈടാക്കേണ്ടതാണ്. ജല ലഭ്യതയുടെ അഭാവം, ഫിൽട്ടറിംഗ് സംവിധാനത്തിന്റെ തകരാർ എന്നിവ പരിഹരിച്ച് അറവുശാല പ്രവർത്തന സജ്ജമാക്കുവാനുള്ള തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

1-14 ഒടമേട്-ശങ്കുണ്ണിപ്പാലം റോഡ് ടാറിംഗ് - കാലി വീപ്പയുടെ വില കുറവ് ചെയ്തില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഒടമേട്-ശങ്കുണ്ണിപ്പാലം റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിലും കരാറുകാരന് അന്തിമ ബിൽ തയ്യാറാക്കി നൽകിയപ്പോൾ കാലി വീപ്പയുടെ വില കുറവ് ചെയ്യാതെയാണ് തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. & അടങ്കൽ	കരാറുകാരൻ	അളവ് ബുക്ക്	ഉപയോഗിച്ച ബിറ്റുമിന്റെ അളവ്	ബിൽ നം./തീയതി & തുക
325/21 ₹1500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	സണ്ണി പി.ജെ	448/20-21	25 ബാരൽ (SS1 1075.08kg; RS1 347.82kg; VG30 2539.72kg)	201002500135008 76835/30.12.20 ₹2,68,656/- 200100252013501140452/24.02.21 ₹10,08,520/-

ഒടമേട്-ശങ്കുണ്ണിപ്പാലം റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ₹11,41,851/-ക്വോട്ട് ചെയ്തിരുന്ന ശ്രീ. സണ്ണി പി. ജെ. എന്ന കരാറുകാരനെയായിരുന്നു ഏൽപ്പിച്ചിരുന്നത്. ₹230/- നിരക്കിൽ 25 ബാരൽ കാലി വീപ്പയുടെ വിലയായ ₹5,750/- യും 18% നിരക്കിലുള്ള ജി.എസ്.ടി ₹1,035/-യും കരാറുകാരനിൽ നിന്നും ഈടാക്കാതെയാണ് അന്തിമ ബിൽ തയ്യാറാക്കി നൽകിയിട്ടുള്ളത്. ₹6,785/-ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-15 ഒന്നാം മൈൽ-സംഘമിത്ര റോഡ് കോൺക്രീറ്റിംഗ് - ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ
പ്രോജക്ട് നം.	441/20 & 312/21
പദ്ധതി അടങ്കൽ	₹4,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)
കരാറുകാരൻ	മനോജ് എം. ബി
എസ്റ്റിമേറ്റ് തുക	₹3,56,371/-

കരാർ നം	124/AE/LSGD/KLY/05.11.2019
അളവ് ബുക്ക്	714/14-15
ബിൽ നം. & തുക	3/08.05.2019, ₹74,188/- 19100252013501573900/21.03.2020, ₹1,53,864/-

ഒന്നാം മൈൽ-സംഘമിത്ര റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഏറ്റെടുത്തിരുന്നത് എസ്റ്റിമേറ്റ് തുകയിൽ നിന്നും 7% കുറവ് രേഖപ്പെടുത്തിയ ശ്രീ. മനോജ് എം. ബി. എന്ന കരാറുകാരനാണ്. 127.5 മീ. നീളത്തിൽ 37.413m3 കോൺക്രീറ്റിംഗ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ കരാറുകാരൻ പ്രവൃത്തികൾ ഭാഗികമായി നടപ്പിലാക്കി പാർട്ട് ബില്ലിനത്തിൽ ₹1,53,864/- കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല. കരാറുകാരന് പാർട്ട് ബിൽ അനുവദിച്ചപ്പോൾ 7% ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം ₹11,046/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<u>കരാറുകാരന് നൽകിയ തുക (₹)</u>

ആകെ പ്രവൃത്തി മൂല്യം	₹140902
(-)2.5% Retension	₹3523
	₹137379
(+)12% ജി.എസ്. ടി	₹16485
കരാറുകാരന് നൽകിയ തുക	₹153864

<u>കരാറുകാരന് അനുവദിക്കാവുന്ന തുക</u>

ആകെ പ്രവൃത്തി മൂല്യം	₹140902
(-)2.5% Retension	₹ 3523
(-)7% ടെണ്ടർ കിഴിവ്	₹ 9863
	₹127516
(+)12% ജി.എസ്. ടി	₹15302
കരാറുകാരന് നൽകിയ തുക	₹142818

കരാറുകാരന് ₹11,046/- (153864-1428180) നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.8/30.12.2021) ഓഡിറ്റ് കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്. ₹11,046/- പാർട്ട് ബിൽ തയ്യാറാക്കി നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ കരാറുകാരനിൽ നിന്നോ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-16 മുക്ക റോഡ്-ആനക്കുഴി-പുതുവൽ റോഡ് പുനരുദ്ധാരണം -പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം ആയി ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പൂർണ്ണമായും വരുത്തിയില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ
പ്രോജക്റ്റ് നം.	311/21
പദ്ധതി അടങ്കൽ	₹14,50,000/- (സംരക്ഷണ ഗ്രാന്റ് റോഡ്)
കരാറുകാരൻ	മനോജ് എം. ജി.
കരാർ നം	125/AE/LSGD/KLY/തീ. 05.11.2019
അളവ് ബുക്ക്	212/18-19
ബിൽ നം. & തുക	19100252013501637341/29.03.2020, ₹4,98,400/- 20100252013500399399/06.08.2020, ₹6,92,200/-

മുക്ക റോഡ്-ആനക്കുഴി-പുതുവൽ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ₹10,70,376/- ക്വോട്ട് ചെയ്തിരുന്ന (എസ്റ്റിമേറ്റ് തുകയിൽ നിന്നും 17.3% കുറവ്) ശ്രീ. മനോജ് എം. ജി. എന്ന കരാറുകാരനെയാണ് ഏൽപ്പിച്ചിരുന്നത്. പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം ആയി സ്ട്രക്ചറൽ സ്റ്റീൽ വർക്ക് എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നു (DSR 10.2) പുതുക്കിയ എസ്റ്റിമേറ്റിൽ പ്രസ്തുത പ്രവൃത്തിക്ക് ഡി.എസ്.ആർ. ഷെഡ്യൂൾ പ്രകാരമുള്ള നിരക്കായി രേഖപ്പെടുത്തിയിരിക്കുന്നത് ₹94.04/Kg ആണ്. കരാറുകാരൻ ക്വോട്ട് ചെയ്ത 17.3% കിഴിവ് വരുത്തിയ ശേഷം കരാറുകാരന് അനുവദിക്കാവുന്ന നിരക്ക് ₹77.77/Kg ആണ്. എന്നാൽ കരാറുകാരന് അനുവദിച്ചിരിക്കുന്നത് ₹83.20/Kg നിരക്കിലുള്ള തുകയാണ്. അധിക നിരക്ക് അനുവദിച്ചത് മൂലം കരാറുകാരന് അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1591.40kg സ്ട്രക്ചറൽ സ്റ്റീൽ വർക്കിന് ₹83.20/Kg നിരക്കിൽ കരാറുകാരന് നൽകിയ തുക	₹132404.48
1591.40kg സ്ട്രക്ചറൽ സ്റ്റീൽ വർക്കിന് ₹77,77/Kg നിരക്കിൽ കരാറുകാരന് നൽകാവുന്ന തുക	₹123763
കരാറുകാരന് അധികം നൽകിയ തുക	₹8641

കരാറുകാരന് ₹8,641/-യും 12% ജി.എസ്.ടി നഷ്ടപരിഹാര തുകയും ഉൾപ്പെടെ ₹9,678/- അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം. 11/30.12.2021) ഓഡിറ്റ് കണ്ടെത്തൽ ശരിയാണെന്നും തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. ₹9,678/- കരാറുകാരനിൽ നിന്നോ, അന്തിമ ബിൽ തയ്യാറാക്കി നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-17 ലാപ്ടോപ്പ് വിതരണത്തിനായി തുക ഒടുക്കിയിട്ടും ലാപ്ടോപ്പ് ലഭിച്ചിട്ടില്ല</u>

പ്രോജക്റ്റ്	S0244/21, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം	S0246/21, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം
അടങ്കൽ	₹7,50,000/- (വികസന ഫണ്ട് – എസ്.സി.പി.)	₹3,90,000/- (വികസന ഫണ്ട് – ടി.എസ്.പി.)
നിർവ്വഹണം	അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി
ചെലവ്	₹7,32,290/-	₹3,66,145/-
ബിൽ നം./ തീയതി/ തുക	20100252013401331193/23.03.2021 ₹7,32,290/-	20100252013401331205/23.03.2021 ₹3,66,145/-

ലാപ്ടോപ്പ് വിതരണത്തിനായി മുകളിൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം 39 ലാപ്ടോപ്പ് വാങ്ങുന്നതിനായി ആകെ ₹10,98,435/- കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ലാപ്ടോപ്പ് ലഭിച്ചതായോ വിതരണം നടത്തിയതായോ രേഖകൾ ഇല്ല. ഇത് സംബന്ധിച്ച് 07.01.20121-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.33-ന് ലഭ്യമാക്കിയ മറുപടിയിൽ ലാപ്ടോപ്പുകൾ നാളിതുവരെ ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. 2021 മാർച്ച് മാസത്തിൽ തുക ഒടുക്കിയിട്ടും നാളിതുവരെ ലാപ്ടോപ്പ് ലഭ്യമാക്കാതിരിക്കുന്നത് കെൽട്രോണിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണ്. ഇത് മൂലം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾക്ക് അർഹതയുള്ള ആനുകൂല്യം നഷ്ടപ്പെട്ടിരിക്കുകയാണ്. ഇക്കാര്യം ഭരണ സമിതി അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ലാപ്ടോപ്പ് വിതരണം അടിയന്തിരമായി നടപ്പാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക ₹10,98,435/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-18 തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി എ.ബി.സി.- പദ്ധതി നിർവ്വഹണ വിവരം ലഭ്യമല്ല</u>

പ്രോജക്റ്റ്	S0135/21, തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി എ.ബി.സി. പ്രോഗ്രാം
അടങ്കൽ	₹1,00,000/- (വികസന ഫണ്ട് ജനറൽ)
നിർവ്വഹണം	വെറ്ററിനറി സർജൻ
ചെലവ്	₹1,00,000/-
വൌച്ചർ നം./തീയതി/തുക	20100252008801009504/29.01.2021, ₹1,00,000/-

തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി എ.ബി.സി. എന്ന പദ്ധതിക്കായി 2020-21 വർഷം മുകളിൽ സൂചിപ്പിച്ച ബില്ല് പ്രകാരം ഗ്രാമ പഞ്ചായത്ത് ₹1,00,000/- കുടുംബശ്രീ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി തുക ചെലവഴിച്ചതിന്റെ യാതൊരു വിശദാംശങ്ങളും ഇല്ല. ആയതിനാൽ ചെലവ് തുക ₹1,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട്	S0434/21, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്
അടങ്കൽ	₹19,50,000/- (വികസന ഫണ്ട് - എസ്.സി.പി.)
നിർവ്വഹണം	അസിസ്റ്റന്റ് സെക്രട്ടറി
ചെലവ്	₹16,24,935/-
ബിൽ നം./തീയതി/തുക	13/20-21/08.05.20, ₹16,24,935/-

പട്ടികജാതി വിദ്യാർത്ഥികൾക്ക് 65 ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനായി 2018-19-ൽ ഏറ്റെടുത്തിട്ടുള്ള മേൽ പദ്ധതിക്കായി ഇ-ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച മൂന്ന് സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞ നിരക്കായ ₹15,91,850/- (24490x65) രേഖപ്പെടുത്തിയ Techno World The IT Solutions, Thiruvananthapuram എന്ന സ്ഥാപനത്തെ 26.12.2019-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3-6 നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്കായി 28.12.2019-ലെ 15/19-20 നമ്പറായി ട്രഷറിയിൽ ₹16,24,935/- ബിൽ സമർപ്പിക്കുകയും ട്രഷറി നിയന്ത്രണം കാരണം തുക മാറാതിരിക്കുകയും ചെയ്തതിനെ തുടർന്ന് 2020-21 വർഷം 13/20-21 നമ്പർ ബിൽ ട്രഷറിയിൽ സമർപ്പിച്ച് ₹16,24,935/- ചെലവഴിച്ചിരിക്കുന്നു. സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ രേഖപ്പെടുത്തിയതിൽ കവിഞ്ഞ തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാകുന്നില്ല. സ്ഥാപനത്തിന്റെ ബില്ല്, ലാപ്ടോപ്പ് ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ, ലാപ്ടോപ്പ് ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിവരം എന്നിവ ഫയലിൽ ലഭ്യമല്ല. ആയതിനാൽ ടെണ്ടർ തുകയേക്കാൾ അധികരിച്ച് ₹33,085/- കരാറുകാരന് നൽകിയതിന്റെ കാരണം വ്യക്തമാക്കുകയും പദ്ധതി സംബന്ധിച്ച മുകളിൽ സൂചിപ്പിച്ച രേഖകൾ അടിയന്തിരമായി ലഭ്യമാക്കുകയും ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ച് 06.01.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 24-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികമായി അനുവദിച്ച ₹33,085/- ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ലാപ്ടോപ്പ് ലഭിച്ചതിന്റെയോ വിതരണം നടത്തിയതിന്റെയോ വിവരം ലഭ്യമാക്കാത്തിനാൽ ബാക്കി തുകയായ ₹15,91,850/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 സുഭിക്ഷ കേരളം പദ്ധതി - വിതരണ വിവരങ്ങൾ ലഭ്യമല്ല – ചെലവ് തടസ്സം ₹11,99,815/-

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്കായി ഫലവൃക്ഷ തൈകൾ, പച്ചക്കറി തൈകൾ, ഗ്രോ ബാഗ് എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശംങ്ങളില്ല.

ക്രമ	പദ്ധതി	പദ്ധതിയുടെ പേര്	അടങ്കൽ	ബിൽ നം./തീയതി	ചെലവ്

നം.	നം.		₹		₹
1	S0456/2021	സുഭിക്ഷ കേരളം – പച്ചക്കറി വിത്ത് വിതരണം	200000	20100252008701438818/ 30.03.2021	200000
2	S0460/2021	സുഭിക്ഷ കേരളം – ഗ്രോബാഗ് വിതരണം	800100	20100252008701438814/ 30.03.2021	500000
3	S0461/2021	സുഭിക്ഷ കേരളം – ഫലവൃക്ഷ തൈ വിതരണം	750000	20100252008701438826/ 30.03.2021	31955
				20100252008701438840/ 30.03.2021	467860
				ആകെ	**1199815**

സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശംങ്ങളില്ലാത്തതിനാൽ ₹11,99,815/- ചെലവ് തടസ്സപ്പെടുത്തുന്നു.

<u>1-21 ഭവന പുനരുദ്ധാരണം വാല്യുവേഷനേക്കാൾ കൂടുതൽ തുക നൽകി നഷ്ടം ₹8,103/-</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	
പദ്ധതി നം.	S00262/2021	
പദ്ധതിയുടെ പേര്	ഭവന പുനരുദ്ധാരണം - ജനറൽ (സ്പിൽഓവർ)	
അടങ്കൽ/ചെലവ്	ഡെവലപ്മെന്റ് ഫണ്ട് ജനറൽ	4925000/4125000
	തനത് ഫണ്ട്	400000/125000

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകിയപ്പോൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷനേക്കാൾ അധികം തുക നൽകി. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**ഗുണഭോക്താവിന്റെ പേര്**	**ബിൽ നം./തീയതി**	**ബിൽ തുക ₹**	**ഗുണഭോക്താവിന് നൽകിയ തുക ₹**	**വാല്യുവേഷൻ പ്രകാരമുള്ള തുക ₹**	**അധികം നൽകിയ തുക ₹**
1	അയ്യപ്പൻ, കണ്ടത്തിൽ, മുരിക്കടി	191100252008501356383/27.02.2020	275000	25000	42417.00	7583.00
		20100252008500204283/27.05.2020	300000	25000		
2	ബിജു തോമസ്	20100252008501091786/16.02.2021	150000	25000	49480	520.00
		20100252008501436234/30.03.2021	250000	25000		
					ആകെ	**8103.00**

വാല്യുവേഷനേക്കാൾ അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/06.01.2022)ന് മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ-യിൽ നിന്നും ഈടാക്കേണ്ടതാണ്.

1-22 എസ്.എസ്.എ. വിഹിതം ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ ചെയ്ത പ്രവർത്തനങ്ങളുടെ വിനിയോഗ വിവരം ലഭ്യമല്ല

സമഗ്ര ശിക്ഷാ അഭിയാൻ-കേരള പദ്ധതിയുടെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹18,00,000/- പിൻവലിച്ച് സർവ്വ ശിക്ഷാ അഭിയാൻ ജില്ലാ കോ-ഓർഡിനേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ, എസ്.എസ്.എ. വിഹിതം ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ്, തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര്	അടങ്കൽ (₹)	ബിൽ നം./തിയതി	ഫണ്ട്	തുക (₹)	നിർവ്വഹണ ഉദ്യോഗസ്ഥൻ
എസ്.എസ്.എ. വിഹിതം ജനറൽ (02/2020)	1800000 വികസന ഫണ്ട് (പൊതുവിഭാഗം)	20100252013300300757 തീ. 27.06.2020	വികസന ഫണ്ട് (പൊതുവിഭാഗം)	1800000	സെക്രട്ടറി

29.01.2018-ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ-യിലെ ഖണ്ഡിക 7.6(3) പ്രകാരം എ.എസ്.എ, ആർ.എം.എസ്.എ പ്രോജക്ടുകൾക്ക് തുക വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, തുക കൈമാറിയിട്ടുള്ളതല്ലാതെ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കുന്ന എസ്.എസ്.എ. പ്രോജക്ടുകൾ സംബന്ധിച്ച് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം എ.എസ്.എ പ്രകാരം ആവിഷ്കരിച്ച പ്രോജക്ടുകളുടെ നിർവ്വഹണവും ഗ്രാമ പഞ്ചായത്ത് കൈമാറിയ തുക ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങളും വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹18,00,000/- തടസ്സപ്പെടുത്തുന്നു.

1-23 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന വിദ്യുഛക്തി ബോർഡ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര്	അടങ്കൽ (₹)	ബിൽ നം./തിയതി	ഫണ്ട്	തുക (₹)
പൈപ്പ് ലൈൻ നീട്ടൽ വാർഡ് 10 (214/2021)	400000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	201002520133007056360 തീ. 09.11.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	390000
പൈപ്പ് ലൈൻ നീട്ടൽ വാർഡ് 11 (215/2021)	300000 ധനകാര്യ കമ്മീഷൻ	20100252013300705360 തീ. 09.11.2020	ധനകാര്യ കമ്മീഷൻ	300000

	ഗ്രാന്റ്-ടൈഡ്		ഗ്രാന്റ്-ടൈഡ്	
പള്ളിപ്പറമ്പിൽ ഭാഗം പൈപ്പ് ലൈൻ നീട്ടൽ വാർഡ് 15 (216/2021)	75000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	20100252013301064571 തീ. 10.02.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	75500
കുട്ടിയച്ചൻ പടി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ വാർഡ് 16 (217/2021)	500000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	20100252013301064573 തീ. 10.02.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	500000
പാലമറ്റം റോഡ് കുടിവെള്ള പദ്ധതി വാർഡ് 16 (218/2021)	1300000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	20100252013301064568 തീ. 10.02.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	1300000
ഒട്ടകത്തലമേട് പൈപ്പ് ലൈൻ സ്ഥാപിക്കൽ വാട്ടർ അതോരിറ്റിയിൽ തുക നിക്ഷേപിക്കൽ വാർഡ്-9 (219/2021)	100000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	20100252013301064578 തീ. 10.02.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	100000
രാജീവ് ഗാന്ധി കോളനി പൈപ്പ് ലാൻ നീട്ടൽ വാർഡ്-6 (221/2021)	300000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	20100252013301064569 തീ. 10.02.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	300000
ചോറ്റുപാറ കുടിവെള്ള പദ്ധതി വാട്ടർ അതോരിറ്റിയിൽ തുക ഒടുക്കൽ വാർഡ് 17 (224/2021)	500000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	20100252013300705335 തീ. 09.11.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	500000
എ കെ ജി പടി മൂന്നാം മൈൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (225/2021)	500000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	20100252013301064576 തീ. 10.02.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	500000
റോസാപൂക്കണ്ടം വാട്ടർ ടാങ്ക് റൂഫിംഗ് (489/2021)	150000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്ക്	20100252013300705348 തീ. 09.11.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്ക്	150000
വലിയകണ്ടം ഭാഗം പൈപ്പ് ലൈൻ നീട്ടൽ (492/2021)	188225 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്ക്	20100252013301162315 തീ. 09.11.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്ക്	188225
വലിയകണ്ടം കരയോഗം ഭാഗം പൈപ്പ് ലൈൻ നീട്ടൽ (493/2021)	400000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്ക്	20100252013300705339 തീ. 09.11.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്ക്	400000
കരിശുമല ഹോളിഡേ ഹോം പൈപ്പ് ലൈൻ നീട്ടൽ (513/2021)	1500000 ധനകാര്യ കമ്മീഷൻ	20100252013301156911 തീ. 10.02.2021	ധനകാര്യ കമ്മീഷൻ	1500000

	ഗ്രാന്റ്-ടൈഡ്		ഗ്രാന്റ്-ടൈഡ്	
ഓടമേട് പമ്പ് ഹൗസ് വൈദ്യുതി കണക്ഷൻ നൽകൽ (514/2021)	500000 തനത് ഫണ്ട്	2986933 തീ. 09.11.2020	തനത് ഫണ്ട്	500000
ചോറ്റുപാറ സ്കൂൾ ഭാഗം പൈപ്പ് ലൈൻ നീട്ടൽ (537/2021)	500000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	20100252013301064564 തീ. 10.02.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	500000
ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (538/2021)	49004 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്ക്	20100252013300934512З തീ. 13.01.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്ക്	49004
പാറാംതോട്ട പടി പൈപ്പ് ലൈൻ നീട്ടൽ (564/2021)	200000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	20100252013301064590 തീ. 10.02.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	200000
കുപ്പാൻ പടി ആനവച്ചാൽ പൈപ്പ് ലൈൻ നീട്ടൽ (566/2021)	300000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	20100252013301234893 തീ. 12.03.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	300000
കരിവേലിപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (567/2021)	250000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	20100252013301234898 തീ. 12.03.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	250000
പരിന്തിരിപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (568/2021)	225134 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	20100252013301234891 തീ. 12.03.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	225134

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.01.2018-ലെ സ.ഉ(കൈ)11/2018/തസ്വഭവ. ഉത്തരവിലെ ഖണ്ഡിക 11.2(3)(ഡി), 28.12.2018-ലെ ഡി.എ.881/2018/തസ്വഭവ. സർക്കുലറിൽ നിക്ഷേപ പ്രവൃത്തികളുടെ തുകയുടെ ഉപയോഗവും പ്രോജക്ട് നിർവ്വഹണവും സംബന്ധിച്ച് മോണിറ്ററിംഗ് തദ്ദേശ സ്ഥാപനങ്ങൾ നടത്തേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ, തുക നിക്ഷേപിച്ചിട്ടുള്ള സ്ഥാപനങ്ങളുമായി കരാർ ഏർപ്പെട്ട് സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹82,27,863/- തടസ്സപ്പെടുത്തുന്നു.

1-24 ഹോമിയോ മരുന്ന് ലഭ്യമായില്ല - ചെലവ് തടസ്സം

പദ്ധതിയുടെ പേര്, നം.	ഹോമിയോ - മരുന്ന് വാങ്ങൽ – 168/2020-2021
നിർവ്വഹണദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം
അടങ്കൽ തുക	₹4,00,000/- (റോഡിതരം)
ബിൽ നം., തുക, തീയതി	1009204/2020-2021/തീയതി. 29.01.2021. ₹4,00,000/-

മെഡിക്കൽ ഓഫീസർ ആയുർവ്വേദം നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്ക് മേൽ സൂചിത ബിൽ പ്രകാരം ₹4,00,000/- ഹോംകോ, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. ചെലവഴിച്ച ₹4,00,000/- തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-25 വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകത- നഷ്ടം ₹24,850/-

പ്രോജക്ട്	520/20 (444/21) വയോജനങ്ങൾക്ക് കമ്പിളി പുതപ്പ്	521/20 (445/21) വയോജനങ്ങൾക്ക് കമ്പിളി പുതപ്പ്
അടങ്കൽ	₹4,95,000/- (തനത് ഫണ്ട്)	₹3,50,000/- (തനത് ഫണ്ട്)
നിർവ്വഹണം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
കരാറുകാരൻ	എസ്.എ. ട്രേഡേഴ്സ്, കളമശേരി	എസ്.എ. ട്രേഡേഴ്സ്, കളമശേരി
ചെലവ്	₹4,78,798/-	₹3,44,350/-
വൌച്ചർ നം. /തീയതി/ തുക	22000246/22.05.20, ₹4,69,222/- 22000255/22.05.20, ₹4,788/- 22000256/22.05.20, ₹4,788/-	22000247/22.05.20, ₹3,37,462/- 22000255/22.05.20, ₹3,444/- 22000256/22.05.20, ₹3,444/-
	ആകെ ₹4,78,798/-	**ആകെ ₹3,44,350/-**

2019-20 വർഷം ഏറ്റെടുത്തതും 2020-21-ൽ പൂർത്തീകരിച്ചതുമായ വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് വിതരണം എന്ന മുകളിൽ സൂചിപ്പിച്ചിട്ടുള്ള രണ്ട് പദ്ധതികൾക്കായി യഥാക്രമം 532, 355 എണ്ണം കമ്പിളി പുതപ്പുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഒരേ സാമ്പത്തിക വർഷം ഒരേ ആവശ്യത്തിന് രണ്ട് പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്ന രീതി കമളി ഗ്രാമ പഞ്ചായത്തിൽ അനുവർത്തിച്ച് വരുന്നുണ്ട്. ഇത് മൂലം പദ്ധതികളുടെ വാങ്ങൽ നടപടികൾ ഇ-ടെണ്ടറിന്റെ പരിധിയിൽ വരാതിരിക്കുവാൻ കാരണമാവുകയും കൂടുതൽ മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കാതിരിക്കയും ചെയ്യുന്നു. ഈ രീതി അടിയന്തിരമായി അവസാനിപ്പിക്കേണ്ടതാണ്. മേൽ പദ്ധതികൾക്കായി 05.01.2020-ലെ എ2-6225/2019-20 നമ്പർ നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും അതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ എസ്.എ. ട്രേഡേഴ്സ്, കളമശ്ശേരി എന്ന സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നൽകുകയുമുണ്ടായി. എന്നാൽ ഒരേ ദിവസം വിളിച്ച ടെണ്ടറിൽ പങ്കെടുത്ത ഒരേ സ്ഥാപനത്തിൽ നിന്നും രണ്ട് പദ്ധതികളിലായി കമ്പിളി പുതപ്പ് എന്ന ഒരേ ഇനത്തിന് യഥാക്രമം ₹900/-, ₹970/- എന്നിങ്ങനെ രണ്ട് വിലയിൽ ടെണ്ടർ ഉറപ്പിച്ച് നൽകിയതിനാൽ പഞ്ചായത്തിന് ഈ വാങ്ങലിൽ താഴെ പറയും പ്രകാരം ₹24,850/- നഷ്ടം ഉണ്ടായിരിക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	ഇനം	സ്ഥാപനം	നിരക്ക് (ജി.എസ്.ടി. ഉൾപ്പെടെ)	എണ്ണം	ഇൻവോയ്സ് നം./തീയതി	തുക ₹	റിമാർക്സ്
1	520/20 (444/21)	കമ്പിളി പുതപ്പ്	എസ്.എ. ട്രേഡേഴ്സ്, കളമശേരി	899.99	532	328/21.05.2020	478798	

	വയോജനങ്ങൾക്ക് കമ്പിളി പുതപ്പ്	(Double Bed Mink Blanket 2kg)						
2	521/20 (445/21) വയോജനങ്ങൾക്ക് കമ്പിളി പുതപ്പ്	കമ്പിളി പുതപ്പ് (Double Bed Mink Blanket 2kg)	എസ്.എ. ട്രേഡേഴ്സ്, കളമശേരി	970	355	332/21.05.2020	344350	അധിക നിരക്ക് അംഗീകരിച്ചതിനാൽ ₹24,850/- (355x70) അധികം നൽകിയിരിക്കുന്നു

പ്രോജക്റ്റ് നം.521/20-ൽ ടെണ്ടറിനോടൊപ്പം എസ്.എ. ട്രേഡേഴ്സ്, കളമശേരി എന്ന സ്ഥാപനം വില വിവര പത്രികയിൽ കമ്പിളി ഒന്നിന് ₹900/- എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വിവരം പഞ്ചായത്ത് ഭരണ സമിതിയെ യഥാവിധി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടില്ല. ആയതിനാൽ ഭരണസമിതിയുടെ 04.02.2020-ലെ 12(3) നമ്പർ കമ്മിറ്റി തീരുമാനത്തിൽ സ്ഥാപനം രേഖപ്പെടുത്താത്ത നിരക്കായ ₹970/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് 03.01.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16-ന് ലഭ്യമാക്കിയ മറുപടിയിൽ നിരക്ക് തെറ്റായി ഉൾപ്പെടുത്തിയതാണെന്നും തുക കരാറുകാരനോട് ഈടാക്കുവാൻ നടപടി ഉണ്ടാവണമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി മൂലമുള്ള നഷ്ടത്തിന് ടെണ്ടർ നടപടി സ്വീകരിച്ച നിർവ്വഹണ ഉദ്യോഗസ്ഥ മാത്രമാണ് ഉത്തരവാദി. നഷ്ടതുക ₹24,850/- ഉത്തരവാദിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

<u>1-26 എച്ച്.എം.സി കണക്കുകൾ സമർപ്പിക്കുന്നില്ല</u>

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമ പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(Xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണ

സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനയ്ക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

1-27 കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾ

ജി.ഒ.(ആർ.റ്റി.)നം.686/2020/എൽ.എസ്.ജി.ഡി.(ഡി.സി.)/തീയതി. 20.03.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ പ്രകാരം കോവിഡ്-19-മായി ബന്ധപ്പെട്ട് പഞ്ചായത്തുതല സ്ഥിതി വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ വാർഡിലും 91 പേരെ നിയമിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് 2020-21 വർഷം വിവിധങ്ങളായ പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കിയിട്ടുണ്ട്. പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. മരുന്ന്, സാനിറ്റൈസർ, മാസ്ക് തുടങ്ങിയ മറ്റ് പ്രതിരോധ സാമഗ്രികളും വാങ്ങുന്നതിനായി ₹6,00,000/- ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് തല കോവിഡ് പ്രതിരോധ കമ്മിറ്റി രൂപീകരിച്ച് സ്ഥിതിഗതികൾ യഥാസമയം നിരീക്ഷിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 15 പൾസ് ഓക്സി മീറ്ററുകൾ ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുള്ളതും സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതുമാണ്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി പ്രത്യേക ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുകയോ വകയിരുത്തുകയോ ചെയ്തിട്ടില്ല. ഡയാലിസിസ് ചെയ്യുന്നവർ, അർബുദരോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പ്രത്യേകമായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി രൂപീകരിച്ച മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. പഞ്ചായത്ത് വക കെട്ടിടത്തിൽ ഒരു ഫസ്റ്റ് ബെൽ പഠനകേന്ദ്രം രൂപീകരിച്ചിട്ടില്ല. കമ്മ്യൂണിറ്റി കിച്ചൺ ദിവസ വേതന ജീവനക്കാരെ നിയമിച്ച് ആരംഭിച്ചിട്ടുള്ളതും കറന്റ് ചാർജ്, വാടക എന്നീയിനങ്ങളിൽ ഗ്രാമപഞ്ചായത്ത് ₹68,013/- ചെലവഴിച്ചിട്ടുമുണ്ട്. വിവിധ കമ്മിറ്റികൾ നിയമ പ്രകാരം ഓൺലൈനായി ചേർന്നിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ 2021-22 വർഷവും തുടർന്ന് വരുന്നുണ്ട്. പഞ്ചായത്തിന്റെ സംയോജിതമായ ഇടപെടൽ കോവിഡ് വ്യാപനത്തെ ഒരു പരിധിവരെ തടയുവാൻ സഹായകമായിട്ടുണ്ട്.

1-28 വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് വിതരണം - അധിക തുകയുടെ ബിൽ നൽകി - നഷ്ടം ₹33,600/-

പ്രോജക്ട്	101/20 (441/21) വയോജനങ്ങൾക്ക് കമ്പിളി പുതപ്പ്
അടങ്കൽ	₹4,80,000/- (തനത് ഫണ്ട്)
നിർവ്വഹണം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
കരാറുകാരൻ	എസ്.എ. ട്രേഡേഴ്സ്, കളമശേരി
ചെലവ്	₹4,65,600/-
വൌച്ചർ നം. /തീയതി/ തുക	22000245/22.05.20, ₹4,56,288/- 22000288/22.05.20, ₹4,565/- 22000256/22.05.20, ₹4,565/- **ആകെ ₹4,65,600/-**

വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് എന്ന പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ എസ്.എ. ട്രേഡേഴ്സ്, കളമശേരി എന്ന സ്ഥാപനം രേഖപ്പെടുത്തിയ കുറഞ്ഞ നിരക്കായ ₹900/- അംഗീകരിച്ച് 480 കമ്പിളി പുതപ്പ് വാങ്ങുന്നതിന് ടെണ്ടർ ഉറപ്പിച്ച് നൽകുകയും ചെയ്തു. എന്നാൽ സ്ഥാപനം ബിൽ ഹാജരാക്കിയപ്പോൾ നിരക്ക് ₹900/- എന്നതിന് പകരം 21.05.2020-ലെ 331 നമ്പർ ഇൻവോയ്സിൽ നിരക്ക് ₹970/- രേഖപ്പെടുത്തുകയും ആയത് പ്രകാരം തുക നൽകുകയും ചെയ്തിരിക്കുന്നു. ഒരു കമ്പിളി

പുതപ്പിന് ₹70/- നിരക്കിൽ 480 കമ്പിളി പുതപ്പിന് ₹33,600/- അധികമായി നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 03.01.2022-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 16-ന് ലഭ്യമാക്കിയ മറുപടിയിൽ മറ്റൊരു പ്രോജക്ടിന്റെ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ കമ്മിറ്റി തീരുമാനം തെറ്റായി ഫയലിൽ കിടന്നതിനാൽ കരാറുകാരന് അധിക തുക നൽകിയതാണെന്നും കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ നഷ്ട തുക ₹33,600/- കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇല്ലാത്തപക്ഷം നഷ്ട തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായി ബാധ്യതയായി കണക്കാക്കുന്നതാണ്.

1-29 വൈദ്യുതീകരണ പ്രോജക്ടുകൾ - കരാറുകാരന് അധിക തുക നൽകി

സെക്രട്ടറി 2020-21-ൽ നടപ്പാക്കിയ വൈദ്യുതീകരണ പ്രോജക്ടുകളുടെ ബിൽ മാറി നൽകിയപ്പോൾ കരാറുകാരനായ അമരാവതി പടിക്കിഴക്കേൽ ശ്രീ. അലക്സ് സാമുവലിന് അധിക തുക നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള എസ്റ്റിമേറ്റ് & സൂപ്പർവിഷൻ ചാർജ്ജ്, ചെക്ക് മെഷർമെന്റ് റെക്കോഡിംഗ് ചാർജ്ജ് എന്നിവ അതാത് ഇലക്ട്രിക്കൽ ജോലികളുടെ എസ്റ്റിമേറ്റ് സൂപ്പർവിഷൻ, മോണിറ്ററിംഗ് എന്നിവ ചെയ്യുന്ന ജില്ലാതല കമ്മിറ്റി അംഗങ്ങൾക്കും സർവ്വീസ് കണക്ഷൻ ചാർജ്ജ് KSEB Ltd.- ൽ ഒടുക്കുന്നതിനും പകരം കരാറുകാരന്റെ അക്കൗണ്ടിലേക്കാണ് നൽകിയത് . വിശദാംശങ്ങൾ ചുവടെ നൽകുന്നു.

1. ലക്ഷംവീട് കമ്മ്യൂണിറ്റി ഹാൾ വയറിംഗ്

പ്രോജക്ടിന്റെ പേര്	അടങ്കൽ (₹)	ബിൽ/വൗച്ചർ/ ചെക്ക് നം./തീയതി	ഫണ്ട്	തുക (₹)
ലക്ഷംവീട് കമ്മ്യൂണിറ്റി ഹാൾ വയറിംഗ് (491/2021)	150000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300726269/ 11.11.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	149317

കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഒടുക്കേണ്ട സർവ്വീസ് കണക്ഷൻ ചാർജ്ജ്, എസ്റ്റിമേറ്റ് & സൂപ്പർവിഷൻ ചാർജ്ജ്, ചെക്ക് മെഷർമെന്റ് ചാർജ്ജ് എന്നിവ പിൻവലിച്ച് കരാറുകാരന്റെ അക്കൗണ്ടിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. എന്നാൽ, കരാറുകാരൻ സർവ്വീസ് കണക്ഷൻ ചാർജ്ജ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഒടുക്കിയതിന്റെയും എസ്റ്റിമേറ്റ് & സൂപ്പർ വിഷൻ ചാർജ്ജ്, ചെക്ക് മെഷർമെന്റ് റെക്കോഡിംഗ് ചാർജ്ജ് എന്നിവ ജില്ലാ ഇലക്ട്രിക്കൽ മോണിറ്ററിംഗ് സമിതിയംഗങ്ങൾക്ക് നൽകിയതിന്റെയും വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. കരാറുകാരൻ അധികം കൈപ്പറ്റിയ തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

എം. ബുക്ക് പ്രകാരമുള്ള പ്രവൃത്തി മൂല്യം	₹137867
ആദായ നികുതി	₹1379
നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം	₹1379
കരാറുകാരന് നൽകാവുന്ന തുക	₹135109
എസ്റ്റിമേറ്റ് & സൂപ്പർവിഷൻ ചാർജ്ജ് (3%)	₹4140
ചെക്ക് മെഷർമെന്റ് ചാർജ്ജ് (1%)	₹1380
സർവ്വീസ് കണക്ഷൻ ചാർജ്ജ് (KSEB Ltd.-ൽ ഒടുക്കുന്നത്)	₹6000
ബിൽ പ്രകാരം പിൻവലിക്കാവുന്ന തുക	₹149387
പിൻവലിച്ച തുക	₹149317
കാരറുകാരന് നൽകിയ തുക	₹146329

കാരറുകാരന് അധികം നൽകിയ തുക	₹11220

2. <u>എഫ്.എച്ച്.സി അന്നദാനപ്പുര വയറിംഗ്</u>

പ്രോജക്റ്റിന്റെ പേര്	അടങ്കൽ (₹)	ബിൽ/വൗച്ചർ/ചെക്ക് നം/ തിയതി	ഫണ്ട്	തുക (₹)
എഫ്.എച്ച്.സി അന്നദാനപ്പുര വയറിംഗ് (482/2021)	250000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300726268/ 11.11.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	99735

കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഒടുക്കേണ്ട സർവ്വീസ് കണക്ഷൻ ചാർജ്ജ്, എസ്റ്റിമേറ്റ് & സൂപ്പർവിഷൻ ചാർജ്ജ്, ചെക്ക് മെഷർമെന്റ് ചാർജ്ജ് എന്നിവ പിൻവലിച്ച് കരാറുകാരന്റെ അക്കൗണ്ടിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. എന്നാൽ, കരാറുകാരൻ സർവ്വീസ് കണക്ഷൻ ചാർജ്ജ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഒടുക്കിയതിന്റെയും എസ്റ്റിമേറ്റ് & സൂപ്പർ വിഷൻ ചാർജ്ജ്, ചെക്ക് മെഷർമെന്റ് റെക്കോഡിംഗ് ചാർജ്ജ് എന്നിവ ജില്ലാ ഇലക്ട്രിക്കൽ മോണിറ്ററിംഗ് സമിതിയംഗങ്ങൾക്ക് നൽകിയതിന്റെയും വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. കരാറുകാരൻ അധികം കൈപ്പറ്റിയ തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

എം. ബുക്ക് പ്രകാരമുള്ള പ്രവൃത്തി മൂല്യം	₹90135
ആദായ നികുതി	₹901
നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം	₹901
കരാറുകാരന് നൽകാവുന്ന തുക	₹88333
എസ്റ്റിമേറ്റ് & സൂപ്പർവിഷൻ ചാർജ്ജ് (3%)	₹2700
ചെക്ക് മെഷർമെന്റ് ചാർജ്ജ് (1%)	₹900
സർവ്വീസ് കണക്ഷൻ ചാർജ്ജ് (KSEB Ltd.-ൽ ഒടുക്കുന്നത്)	₹6000
ബിൽ പ്രകാരം പിൻവലിക്കാവുന്ന തുക	₹99735
പിൻവലിച്ച തുക	₹99735
കാരറുകാരന് നൽകിയ തുക	₹97739
കാരറുകാരന് അധികം നൽകിയ തുക	₹9406

കരാറുകാരൻ സർവ്വീസ് കണക്ഷൻ ചാർജ്ജ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഒടുക്കിയതിന്റെയും എസ്റ്റിമേറ്റ് & സൂപ്പർ വിഷൻ ചാർജ്ജ്, ചെക്ക് മെഷർമെന്റ് റെക്കോഡിംഗ് ചാർജ്ജ് എന്നിവ ജില്ലാ ഇലക്ട്രിക്കൽ മോണിറ്ററിംഗ് സമിതിയംഗങ്ങൾക്ക് നൽകിയതിന്റെയും വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. പ്രോജക്റ്റിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/11.01.2022) കരാറുകാരൻ തന്നെ സൂപ്പർവിഷൻ ചാർജ്ജും എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള ചാർജ്ജും നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കാത്തപക്ഷം 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രോജക്റ്റുകൾക്കായി ചെലവഴിച്ച ₹2,49,052/- തടസ്സപ്പെടുത്തുന്നു.

<u>1-30 സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിച്ചില്ല</u>

സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം 17 പ്രോജക്ടുളിലായി ₹86,37,100/- 2020-21-ൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളത്.

ക്രമ നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ (₹)	ബിൽ/വൗച്ചർ/ ചെക്ക് നം./തിയതി	ഫണ്ട്	തുക (₹)
1	സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 11 (191/2021)	495000 തനത് ഫണ്ട്	22000674/1636256 തീ. 10.08.2020	തനത് ഫണ്ട്	490000
2	സൗര തെരുവ് വിളക്ക് സ്ഥാപിക്കൽ വാർഡ് 5 (192/2021)	495000 വികസന ഫണ്ട് (പൊതുവിഭാഗം)	20100252013300899520 തീ. 06.01.2021	വികസന ഫണ്ട് (പൊതുവിഭാഗം)	490000
3	സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 9 (194/2021)	495000 തനത് ഫണ്ട്	22000673/1636255 തീ. 10.08.2020	തനത് ഫണ്ട്	490000
4	സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 10 (196/2021)	495000 വികസന ഫണ്ട് (പൊതുവിഭാഗം)	20100252013300435759 തീ. 18.08.2020	വികസന ഫണ്ട് (പൊതുവിഭാഗം)	490000
5	സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 6 (197/2021)	495000 തനത് ഫണ്ട്	22000672/1636254 തീ. 10.08.2020	തനത് ഫണ്ട്	490000
6	സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 10, 8 (199/2021)	495000 തനത് ഫണ്ട്	22000671/1636253 തീ. 10.08.2020	തനത് ഫണ്ട്	490000
7	സോളാർ ലൈറ്റ് സ്ഥാപിക്കൽ വാർഡ് 2, 4 (202/2021)	495000 തനത് ഫണ്ട്	22000670/1636252 തീ. 10.08.2020	തനത് ഫണ്ട്	490000
8	സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 18 (204/2021)	495000 വികസന ഫണ്ട് (പൊതുവിഭാഗം)	20100252013300540514 തീ. 22.09.2020	വികസന ഫണ്ട് (പൊതുവിഭാഗം)	490000
9	സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 17, 18 (206/2021)	495000 തനത് ഫണ്ട്	22000669/1636251 തീ. 10.08.2020	തനത് ഫണ്ട്	490000
10	സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 4 (207/2021)	495000 തനത് ഫണ്ട്	22000527/800953 തീ. 09.07.2020	തനത് ഫണ്ട്	490000
11	സോളാർ ലൈറ്റ് സ്ഥാപിക്കൽ വാർഡ് 11 (479/2021)	495000 തനത് ഫണ്ട്	22001237/2986228 തീ. 1.11.2020	തനത് ഫണ്ട്	489000
12	സോളാർ ലൈറ്റ് സ്ഥാപിക്കൽ (488/2021)	1000000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300726353 തീ. 11.11.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	398000
			20100252013300726356 തീ. 11.11.2020		119400
			20100252013300726357		477600

			തീ. 11.11.2020		
13	അമരാവതി ഒട്ടകത്തലമേട് സോളാർ ലൈറ്റ് സ്ഥാപിക്കൽ (519/2021)	495000 തനത് ഫണ്ട്	22000766/1636455 തീ. 24.08.2020	തനത് ഫണ്ട്	485100
14	വെള്ളാരംകുന്ന് വാർഡ് സൗര തെരുവ് വിളക്ക് സ്ഥാപിക്കൽ (535/2021)	495000 തനത് ഫണ്ട്	22001217/2986937 തീ. 11.11.2020	തനത് ഫണ്ട്	490000
15	ചോറ്റുപാറ പത്തുമുറി വാർഡുകളിൽ സൗര തെരുവ് വിളക്ക് സ്ഥാപിക്കൽ (536/2021)	495000 തനത് ഫണ്ട്	22001220/2986940 തീ. 11.11.2020	തനത് ഫണ്ട്	490000
16	കുഴിക്കണ്ടം വാർഡിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (556/2021)	300000 തനത് ഫണ്ട്	22001218/2986938 തീ. 11.11.2020	തനത് ഫണ്ട്	298000
17	ഓടമേട്, റോസാപ്പൂക്കണ്ടം വാർഡുകളിൽ എൽഇഡി സോളാർ ലൈറ്റ് സ്ഥാപിക്കൽ (588/2021)	490000 വികസന ഫണ്ട് (പൊതുവിഭാഗം)	20100252013301105133 തീ. 10.02.2021	വികസന ഫണ്ട് (പൊതുവിഭാഗം)	490000
				ആകെ	**8637100**

പ്രോജക്ട് നം. 479/2021, 488/2021, 556/2021, 588/2021, എന്നീ പ്രോജക്ടുകളുടെ ഫയലിൽ സാംഖ്യ ബില്ലിന്റെ പകർപ്പ് മാത്രമാണുള്ളത്. ടെണ്ടർ നോട്ടീസ്, ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ, ബിൽ തുടങ്ങിയ വിശദാംശങ്ങൾ ഫയലില്ല.

സ.ഉ(എം.എസ്)നം.13/2015/ഐ.ടി.ഡി., തീ.12.05.2015 പ്രകാരം 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ നടപടിക്രമം ഒഴിവാക്കുന്നതിന് 17 പ്രോജക്ടുകളാണ് സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചത്. ഗ്രാമപഞ്ചായത്ത് സ്റ്റിയറിംഗ് കമ്മിറ്റിയുടെ 24.05.2020-ലെ 1(1) തീരുമാന പ്രകാരം സമയബന്ധിതമായി പദ്ധതി നടപ്പാക്കുന്നതിനും സ്ഥാപിക്കുന്ന ലൈറ്റുകളുടെ ഗുണമേന്മ ഉറപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ട് വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതിനാലും ഇ-ടെണ്ടർ ഒഴിവാക്കി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. എന്നാൽ ഇ-ടെണ്ടർ ഒഴിവാക്കിയതിന് നൽകിയിരിക്കുന്ന കാരണങ്ങൾ വാസ്തവികവും നീതീകരിക്കത്തക്കതും അല്ല. ഇ-ടെണ്ടർ നടപടിക്രമം ഒഴിവാക്കിയത് വഴി മത്സരക്ഷമത ഇല്ലാതാക്കുന്നതിനും വലിയ വിലയ്ക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടിയും വന്നു.

അനെർട്ട് സംസ്ഥാന തലത്തിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള സോളാർ സംവിധാനം സ്ഥാപിച്ച് നൽകുന്നതിന് എം-പാനൽ ചെയ്ത് നൽകുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് സിസ്റ്റം, അനെർട്ടിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കി, സ്ഥാപിക്കേണ്ടതാണെന്നും 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 29.01.2018-ലെ സ.ഉ(കൈ)11/2018/തസ്വഭവ. ഉത്തരവിലെ ഖണ്ഡിക 7.5(6) പ്രകാരം അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ മാത്രം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ച സ്ഥാപനങ്ങളൊന്നും അനെർട്ട് എം-പാനൽ ചെയ്തവയല്ല.

06.02.2018-ലെ സ.ഉ(സാധാ)/നം.348/2018/തസ്വഭവ. പ്രകാരം സോളാർ എനർജി പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും ജില്ലാ എഞ്ചിനീയർ അനെർട്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പക്ടേറ്റ് എന്നിവർ അംഗങ്ങളുമായി രൂപീകരിക്കുന്ന കമ്മിറ്റി അക്ഷയോർജ്ജ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതി

നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണം പൂർത്തിയായാൽ അനെർട്ട് ജില്ലാ എഞ്ചിനീയറുടെ പരിശോധന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടല്ല പ്രോജക്ട് നടപ്പാക്കിയത്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.06.2017-ലെ ഡി.എ-1/244/2017/ത.സ്വ.ഭ.വ. സർക്കുലറിൽ ഖണ്ഡിക 7.1-ൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, സോളാർ സ്ട്രീറ്റ് ലൈറ്റുകളുടെ സ്പെസിഫിക്കേഷനുകൾ, വില എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനായി തെരഞ്ഞെടുക്കുന്ന സ്ഥലത്തിന്റെ കിഴക്ക്, തെക്ക്, പടിഞ്ഞാറ് മരങ്ങളുടെയോ മറ്റ് കെട്ടിടങ്ങളുടെയോ നിഴൽ രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ പതിക്കാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ മോഡലുകളുടെ ബാറ്ററിയുടെ ഏറ്റവും കുറഞ്ഞ ശേഷി, സോളാർ പാനലിന്റെ വാട്ട്, ലൂമിനി, പോസ്റ്റിന്റെ ഉയരം, അടിസ്ഥാന വില എന്നിവ 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം, വ്യക്തമാക്കിയിട്ടുണ്ട്.

മോഡൽ നം.	ഇനം	സോളാർ പാനൽ	ബാറ്ററി (മിനിമം ശേഷി+20% അനുവദനീയം	ലൂമിനി (+25% അനുവദനീയം	പോസ്റ്റിന്റെ ഉയരം	അടിസ്ഥാന വില (അഞ്ച് വർഷത്തെ വാറണ്ടി ഉൾപ്പെടെ (₹)
മോഡൽ 1	സോളാർ സ്ട്രീറ്റ് ലൈറ്റ്	75 W	250 Wh Lithium Ferro Phophate	8 W	Height-4 M, Dia- 3 Inch	35, 625
മോഡൽ 2	സോളാർ സ്ട്രീറ്റ് ലൈറ്റ്	150 W	768 Wh Lithium Ferro Phophate	20 W	Height-4 M, Dia- 4 Inch	71,250
മോഡൽ 3	സോളാർ സ്ട്രീറ്റ് ലൈറ്റ്	200 W	1152 Wh Lithium Ferro Phophate	36 W	Height-5 M, Dia- 4 Inch	95,000
മോഡൽ 4	സോളാർ സ്ട്രീറ്റ് ലൈറ്റ്	600 W	3072 Wh Lithium Ferro Phophate	24 W 4 സെറ്റ്	Octagonal, Dia- 6 Inch	2,85,000

എന്നാൽ, മേൽ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള തെരുവ് വിളക്കുകളല്ല ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളത്.

ടെണ്ടറുകളിൽ പങ്കെടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ ടെണ്ടറുകളിൽ വിജയിയായ സ്ഥാപനങ്ങളൊഴികെയുള്ളവ ജി.എസ്.ടി രജിസ്ട്രേഷൻ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ, ടെണ്ടറുകളിൽ വിജയികളായ സ്ഥാപനങ്ങൾ ബില്ലിൽ നൽകിയിട്ടുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ പ്രകാരമുള്ള വിവരങ്ങളും ടെണ്ടറിലെയും ബില്ലിലെയും വിവരങ്ങളും വ്യത്യസ്തമാണ്. വ്യാപകമായ രീതിയിൽ ടെണ്ടർ നടത്തി എന്ന പ്രതീതി സൃഷ്ടിച്ച് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ മുഖേനയാണ് പ്രവൃത്തികൾ ചെയ്തിരിക്കുന്നത്. 02.06.2017-ലെ ഡി.എ.-1/244/2017/തസ്വഭവ. സർക്കുലർ പ്രകാരം സോളാർ തെരുവ് വിളക്കുകളുടെ വില നിശ്ചയിച്ചിട്ടുള്ളത് 5 വർഷത്തെ വാറണ്ടി ഉൾപ്പെടെയാണ്. എന്നാൽ, വ്യക്തമായ കരാറിൽ ഏർപ്പെടാതെയാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത്. ബില്ലിൽ 2019 ഓഗസ്റ്റ് 1 മുതൽ ബാധകമാക്കിയ 1 ശതമാനം പ്രളയ സെസ് ഉൾപ്പെടുത്തിയിട്ടില്ല.

യഥാർത്ഥ ജി.എസ്.ടി ഇൻവോയ്സുകൾ സമർപ്പിക്കാത്തത് വഴി ജി.എസ്.ടി. ഇനത്തിൽ സർക്കാരിന് ലഭ്യമാകേണ്ടിയിരുന്ന നികുതി ലഭിക്കാതെ വരുമാന നഷ്ടത്തിന് ഇടയാക്കിയിരിക്കുകയാണ്. ടെണ്ടർ നടപടി ക്രമങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കിയത് വഴി മത്സരക്ഷമതയുടെ സാധ്യത ഇല്ലാതാക്കുകയും ജില്ലയ്ക്ക് പുറത്ത് നിന്നുമുള്ള സ്ഥാപനമാണ് ടെണ്ടറിൽ പങ്കെടുത്തതെന്ന് വരുത്തി വ്യാജ സ്ഥാപനത്തിന് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള അവസരമാണ് ഗ്രാമ പഞ്ചായത്ത് ഒരുക്കി കൊടുത്തിട്ടുള്ളത്. സോളാർ തെരുവ് വിളക്കുകൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ചേർത്തിട്ടില്ല. പ്രോജക്റ്റിന്റെ നിർവ്വഹണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി അധികമായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫയലുകൾ സമർപ്പിക്കാത്ത പ്രോജക്ടുകളുടെ ജി.എസ്.ടി. കൂടാതെ ₹46,666/- (നം. 479/2021, 488/021, 556/2021, 588/2021) ചെലവ് ₹22,72,000/- (489000+398000+119400+477600+298000+490000) തടസ്സപ്പെടുത്തുന്നു. മറ്റ് പ്രോജക്ടുകളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ നൽകിയിരിക്കുന്നു.

<u>1-30-1 പ്രോക്യൂർമെന്റ് മാനദണ്ഡങ്ങൾ പാലിക്കാതെ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചു - 49 ലക്ഷം തടസ്സപ്പെടുത്തുന്നു</u>

ടെണ്ടർ നം-എ2-1125/2020-21/തീ. 01.06.2020 ടെണ്ടർ നോട്ടീസ് പ്രകാരം 191/2021, 192/2021, 194/2021, 196/2021, 197/2021, 199/2021, 202/2021, 204/2021, 206/2021, 207/2021 എന്നീ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ₹4,95,000/- വീതമുള്ള അടങ്കലിൽ ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. LED Light 30 W Models, Solar Panel Poly-Crystalline 150w/Mono 100 W, Battery Capacity Minimum 80 Ah Lithium-Ion/Lifep04 Battery, Output 2000/2500 Lumen Light Mounting Height 6m Above Ground Level Minimum 3' Post Light Backup Time Full Night, Warranty Period Minimum 3 Year എന്ന സ്പെസിഫിക്കേഷനിലുള്ള സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്. എന്നാൽ, ഇപ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ വ്യവസ്ഥയില്ല. ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള 7 സ്ഥാപനങ്ങളിൽ സാൻ അന്റോണിയോ എന്റർപ്രൈസസ്, കളമശേരി എന്ന സ്ഥാപനം മാത്രം ജി.എസ്.ടി. രജിസ്ട്രേഷൻ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. എന്നാൽ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 22.06.2020-ലെ 1-4 തീരുമാനം, ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 24.06.2020-ലെ 3-3 തീരുമാനം എന്നിവ പ്രകാരം ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത സാൻ അന്റോണിയോ, കളമശേരി എന്ന സ്ഥാപനത്തിന്റെ ടെണ്ടറുകൾ (₹49000/യൂണിറ്റ്) (ജി.എസ്.ടി. രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാത്ത) അംഗീകരിച്ച് എ2-1125/20 തി.29.06.2020 സപ്ലൈ ഓർഡർ നൽകി. എന്നാൽ, ടെണ്ടർ നോട്ടീസിലെ ഓരോ ഇനത്തിന്റെയും തുകയും വിശദാംശങ്ങളും പ്രത്യേകം കാണിക്കേണ്ടതാണ് എന്ന നിബന്ധന പാലിക്കാതെയാണ് തുക രേഖപ്പെടുത്തിയിട്ടുള്ളത്. ജി.എസ്.ടി രജിസ്ട്രേഷൻ രേഖകളും മറ്റ് അനുബന്ധ വിവരങ്ങളും ഹാജരാക്കാത്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച നടപടി ക്രമവിരുദ്ധമാണ്.

സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് സാൻ അന്റോണിയോ എന്റർപ്രൈസസ്, കളമശേരി സമർപ്പിച്ച ഇൻവോയ്സുകളിൽ എസ്.എ. എന്റർപ്രൈസസ്, കളമശ്ശേരി എന്ന വിലാസമാണ് നൽകിയിട്ടുള്ളത്. എസ്.എ എന്റർപ്രൈസസ് സമർപ്പിച്ച ജി.എസ്.ടി ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ 32DNNPS0408F1Z5 പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ വിലാസം 20/963 A, S A ENTERPRISES, KAIPADAMUGHAL, VADAKODU P O, KALAMASSERY, Ernakulam, Kerala, 682021 എന്നാണ്. ജി.എസ്.ടി രജിസ്ട്രേഷൻ വിശദാംശങ്ങൾ പ്രകാരം ഹാൻഡ് സാനിറ്റൈസർ, ടിഷ്യൂ പേപ്പർ തുടങ്ങിയവയുടെ ഉൽപാദനവും വിതരണവുമാണ് സ്ഥാപനത്തിന്റെ പ്രധാന വ്യാപാര മേഖല. ഇലക്ട്രിക്ക്, ഇലക്ട്രോണിക്ക്

ഉപകരണങ്ങളുടെ വിതരണത്തിന് രജിസ്ട്രേഷനില്ലാത്ത സ്ഥാപനം മുഖാന്തിരം തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എസ്.എ. എന്റർപ്രൈസസ്, കളമശ്ശേരി സമർപ്പിച്ച ജി.എസ്.ടി. ബില്ലുകൾ പ്രകാരം തെരുവ് വിളക്കൊന്നിന് ₹46,666.67 യും 5 ശതമാനം ജി.എസ്.ടി, ₹2,333.33-യും ഉൾപ്പെടെ ₹4,90,000/-യാണ് ഈടാക്കിയിട്ടുള്ളത്. ബില്ലിൽ 2019 ഓഗസ്റ്റ് 1 മുതൽ ബാധകമാക്കിയ 1 ശതമാനം പ്രളയ സെസ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. 10 പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹49,00,000/- തടസ്സപ്പെടുത്തുന്നു.

1-30-2 സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- അധിക തുക നൽകി

ടെണ്ടർ നം-എ2-630/2019-20/തീ. 16.10.2020 ടെണ്ടർ നോട്ടീസ് പ്രകാരം 535/2021, 536/2021 എന്നീ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ₹4,95,000/- വീതമുള്ള അടങ്കലിൽ ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. LED Light 30 W Models, Solar Panel Poly-Crystalline 150w/Mono 100 W, Battery Capacity Minimum 80 Ah Lithium-Ion/Lifep04 Battery, Output 2000/2500 Lumen Light Mounting Height 6m Above Ground Level Minimum 3' Post Light Backup Time Full Night, Warranty Period Minimum 3 Year എന്ന സ്പെസിഫിക്കേഷനിലുള്ള സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്. എന്നാൽ, ഇപ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ വ്യവസ്ഥയില്ല. കൂടാതെ, ടെണ്ടർ നോട്ടീസിലെ ഓരോ ഇനത്തിന്റെയും തുകയും വിശദാംശങ്ങളും പ്രത്യേകം കാണിക്കേണ്ടതാണ് എന്ന നിബന്ധന പാലിക്കാതെയാണ് തുക രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള 7 സ്ഥാപനങ്ങളിൽ സാൻ അന്റോണിയോ എന്റർപ്രൈസസ്, കളമശ്ശേരി എന്ന സ്ഥാപനം ഒഴികെയുള്ള സ്ഥാപനങ്ങൾ ജി.എസ്.ടി രജിസ്ട്രേഷൻ വിശദാംശങ്ങൾ ഹാജരാക്കിയിട്ടുണ്ട്. സാൻ അന്റോണിയോ എന്റർ പ്രൈസസ്, കളമശേരി ₹48,300/യൂണിറ്റ് (₹46000+₹2300 ജി.എസ്.ടി)യാണ് ക്വോട്ട് ചെയ്തത്. എന്നാൽ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 05.11.2020-ലെ 1-3 തീരുമാനം, ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 05.11.2020-ലെ 5-3 തീരുമാനം എന്നിവ പ്രകാരം ഏറ്റവും കുറവ് തുകയായ ₹49,000/- ക്വോട്ട് ചെയ്ത സാൻ അന്റോണിയോ എന്റർപ്രൈസസ്, കളമശ്ശേരി എന്ന സ്ഥാപനത്തിന്റെ ടെണ്ടറുകൾ അംഗീകരിച്ച് എ2-630/20/തീ.06.11.2020 സപ്ലൈ ഓർഡർ നൽകി. സ്ഥാപനത്തിന്റെ ടെണ്ടർ പ്രകാരം ക്വോട്ട് ചെയ്തത് യൂണിറ്റൊന്നിന് ₹48,300/- മാത്രമാണ്. എന്നാൽ, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം യൂണിറ്റൊന്നിന് ₹49,000/- അംഗീകരിച്ച് സ്ഥാപനത്തിൽ നിന്നും ഉയർന്ന നിരക്കിലാണ് ലൈറ്റുകൾ വാങ്ങിയത്. ജി.എസ്.ടി രജിസ്ട്രേഷൻ രേഖകളും മറ്റ് അനുബന്ധ വിവരങ്ങളും ഹാജരാക്കാത്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച നടപടി ക്രമവിരുദ്ധമാണ്.

സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് സാൻ അന്റോണിയോ എന്റർപ്രൈസസ്, കളമശ്ശേരി സമർപ്പിച്ച ഇൻവോയ്സുകളിൽ എസ്.എ. എന്റർപ്രൈസസ്, കളമശ്ശേരി എന്ന വിലാസമാണ് നൽകിയിട്ടുള്ളത്. എസ്.എ. എന്റർപ്രൈസസ് സമർപ്പിച്ച ജി.എസ്.ടി ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ 32DNNPS0408F1Z5 പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ വിലാസം 20/963 A, S A ENTERPRISES, KAIPADAMUGHAL, VADAKODU P O, KALAMASSERY, Ernakulam, Kerala, 682021 എന്നാണ്. ജി.എസ്.ടി രജിസ്ട്രേഷൻ വിശദാംശങ്ങൾ പ്രകാരം ഹാൻഡ് സാനിറ്റൈസർ, ടിഷ്യൂ പേപ്പർ തുടങ്ങിയവയുടെ ഉൽപ്പാദനവും വിതരണവുമാണ് സ്ഥാപനത്തിന്റെ പ്രധാന വ്യാപാര മേഖല. ഇലക്ട്രിക്ക്, ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ വിതരണത്തിന് രജിസ്ട്രേഷനില്ലാത്ത സ്ഥാപനം മുഖാന്തിരം തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

രണ്ട് പ്രോജക്ടുകൾക്കുമായി ₹9,80,000/- ചെലവഴിച്ചിട്ടുണ്ട്. എസ്.എ. എന്റർപ്രൈസസ്, കളമശ്ശേരി സമർപ്പിച്ച ജി.എസ്.ടി ഇൻവോയ്സുകൾ പ്രകാരം തെരുവ് വിളക്കൊന്നിന് ജി.എസ്.ടി ഉൾപ്പടെ ₹4,90,000/-യാണ് ഈടാക്കിയിട്ടുള്ളത്. ടെണ്ടറിൽ

ക്വോട്ട് ചെയ്ത തുകയിലും ഉയർന്ന തുക നൽകിയതിനാൽ രണ്ട് പ്രോജക്ടുകളിലുമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹14,000/- അധികമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ബില്ലിൽ 2019 ഓഗസ്റ്റ് 1 മുതൽ ബാധകമാക്കിയ 1 ശതമാനം പ്രളയ സെസ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രോജക്ട്	അനുവദിക്കാവുന്ന തുക (₹)			അനുവദിച്ച തുക (₹)			അധികം നൽകിയ തുക (₹)
	അടിസ്ഥാന വില	ജി.എസ്.ടി	ആകെ	അടിസ്ഥാന വില	ജി.എസ്.ടി	ആകെ	
വെള്ളാരംകുന്ന് വാർഡ് സൗര തെരുവ് വിളക്ക് സ്ഥാപിക്കൽ (535/2021)	460000	23000	483000	466667	23333	490000	7000
ചോറ്റുപാറ പത്തുമുറി വാർഡുകളിൽ സൗര തെരുവ് വിളക്ക് സ്ഥാപിക്കൽ (536/2021)	460000	23000	483000	466667	23333	490000	7000
						ആകെ	14000

അധികം നൽകിയ തുക ഉത്തരവാദികളായ ഭരണ സമിതി അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി തിരികെ ഈടാക്കേണ്ടതാണ്. നിരാകരിച്ച തുക കിഴിച്ചുള്ള ₹9,66,000/- തടസ്സപ്പെടുത്തുന്നു.

<u>1-30-3 സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - വ്യാജ ജി.എസ്.ടി. ബില്ലുകൾ ഹാജരാക്കി</u>

ടെണ്ടർ നം-എ2-11250/2020-21/തീ.01.06.2020 ടെണ്ടർ നോട്ടീസ് പ്രകാരം 519/2021 എന്ന പ്രോജക്ട് നടപ്പാക്കുന്നതിന് ₹4,95,000/- അടങ്കലിൽ ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. LED Light 30 W Models, Solar Panel Poly-Crystalline 150w/Mono 100 W, Battery Capacity Minimum 80 Ah Lithium-lon/Lifep04 Battery, Output 2000/2500 Lumen Light Mounting Height 6m Above Ground Level Minimum 3'Post Light Backup Time Full Night, Warranty Period Minimum 3 Year എന്ന സ്പെസിഫിക്കേഷനിലുള്ള സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്. എന്നാൽ, ഇപ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ വ്യവസ്ഥയില്ല. ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള 7 സ്ഥാപനങ്ങളിൽ ആരിസ് ട്രേഡിംഗ് കമ്പിനി, വൈറ്റില, കൊച്ചിൻ എന്ന സ്ഥാപനം മാത്രം ജി.എസ്.ടി രജിസ്ട്രേഷൻ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. എന്നാൽ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 24.09.2020-ലെ 1-1 തീരുമാനം, ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 29.09.2020-ലെ 5-4 തീരുമാനം എന്നിവ പ്രകാരം ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത ആരിസ് ട്രേഡിംഗ് കമ്പിനി, വൈറ്റില, കൊച്ചിൻ എന്ന സ്ഥാപനത്തിന്റെ ടെണ്ടറുകൾ (₹48510/യൂണിറ്റ്) (ജി.എസ്.ടി. കൂടാതെ ₹46,650/-) അംഗീകരിച്ച് എ2-11250/20/തീ.30.09.2020 സപ്ലൈ ഓർഡർ നൽകി. ടെണ്ടർ നോട്ടീസിലെ ഓരോ ഇനത്തിന്റേയും തുകയും വിശദാംശങ്ങളും പ്രത്യേകം കാണിക്കേണ്ടതാണ് എന്ന നിബന്ധന പാലിക്കാതെയാണ് തുക രേഖപ്പെടുത്തിയിട്ടുള്ളത്. ജി.എസ്.ടി രജിസ്ട്രേഷൻ രേഖകളും മറ്റ് അനുബന്ധ വിവരങ്ങളും ഹാജരാക്കാത്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച നടപടി ക്രമവിരുദ്ധമാണ്.

സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് ആരിസ് ട്രേഡിംഗ് കമ്പിനി, വൈറ്റില, കൊച്ചിൻ സമർപ്പിച്ച ജി.എസ്.ടി ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ 32BBEPV67J1Z2 പരിശോധിച്ചതിൽ സ്ഥാപനം നൽകിയിട്ടുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ ഇൻവാലിഡ് എന്നാണ് ജി.എസ്.ടി-യുടെ ഔദ്യോഗിക പോർട്ടലിൽ കാണിക്കുന്നത്. 15

അക്കമുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ ആണ് സ്ഥാപനങ്ങൾക്ക് അനുവദിക്കാറുള്ളത്. എന്നാൽ, ആരിസ് ട്രേഡിംഗ് കമ്പനി, വൈറ്റില, കൊച്ചിൻ സമർപ്പിച്ചിട്ടുള്ള ബില്ലിലെ രജിസ്ട്രേഷൻ നമ്പർ 13 അക്കം മാത്രമാണ്. ആരിസ് ട്രേഡിംഗ് കമ്പനി, വൈറ്റില, കൊച്ചിൻ എന്ന സ്ഥാപനം വ്യാജ സ്ഥാപനമോ അല്ലെങ്കിൽ വ്യാജ ബില്ലുകൾ മുഖേനേ സർക്കാരിന് ലഭിക്കേണ്ട നികുതി വരുമാനം ലഭിക്കാതെ സ്ഥാപനം നികുതി വെട്ടിപ്പ് നടത്തിയിരിക്കുകയാണ്.

ബില്ലിൽ 2019 ഓഗസ്റ്റ് 1 മുതൽ ബാധകമാക്കിയ 1 ശതമാനം പ്രളയ സെസ്സ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ടിനായി ചെലവഴിച്ച ₹4,85,100/- തടസ്സപ്പെടുത്തുന്നു.

1-31 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ ഫയലുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ഹജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കൽ, തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി, ഫർണിച്ചർ വാങ്ങൽ എന്നിവയ്ക്കായി നടപ്പാക്കിയ ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ സാംഖ്യ ബിൽ പകർപ്പ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ടെണ്ടർ നോട്ടീസ് വിശദാംശങ്ങൾ, ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ, ടാക്സ് ഇൻവോയ്സ്, ആസ്തിയിൽ/സ്റ്റോക്കിൽ രേഖപ്പെടുത്തിയ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ക്രമ നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ (₹)	ബിൽ/വൗച്ചർ/ചെക്ക് നം./തിയതി	ഫണ്ട്	തുക (₹)
1	എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (208/2021)	800000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300726271 തീ. 11.11.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	799499
2	ലൈറ്റ് മെയിന്റനൻസ് വാർഡ് 16 (308/2021)	96138 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300143955 തീ. 11.04.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	94500
3	സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 17, 14 (319/2021)	490000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300143954 തീ. 11.04.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	490000
4	തെരുവ് വിളക്ക് മെയിന്റനൻസ് വാർഡ് 9 (483/2021)	165000 വികസന ഫണ്ട് പൊതുവിഭാഗം	20100252013300898721 തീ. 06.01.2021	വികസന ഫണ്ട് പൊതുവിഭാഗം	165000
5	12-ാം വാർഡിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് (484/2021)	250000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300726211 തീ. 11.11.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	249600
6	സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് (510/2021)	495000 തനത് ഫണ്ട്	22000891/1636799 തീ. 23.09.2020	തനത് ഫണ്ട്	495000
7	സോളാർ ലൈറ്റ്	470000	22000890/1636799	തനത് ഫണ്ട്	470000

	മെയിന്റനൻസ് (515/2021)	തനത് ഫണ്ട്	തീ. 23.09.2020		
8	സ്ട്രീറ്റ് ലൈറ്റ് എൽഇഡി (വാർഡ് 6, 19, 16) (517/2021)	495000 തനത് ഫണ്ട്	22000889/1636798 തീ. 23.09.2020	തനത് ഫണ്ട്	495000
9	കുമളി ടൗൺ പ്രദേശത്ത് സോളാർ ലൈറ്റ് മെയിന്റനൻസ് (534/2021)	115000 വികസന ഫണ്ട് പൊതുവിഭാഗം	20100252013300897061 തീ. 06.01.2021	വികസന ഫണ്ട് പൊതുവിഭാഗം	115000
		135000 തനത് ഫണ്ട്	22001235/2986226 തീ. 11.11.2020	തനത് ഫണ്ട്	134000
10	സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 3 (562/2021)	250000 തനത് ഫണ്ട്	22001219/2986939 തീ. 11.11.2020	തനത് ഫണ്ട്	250000
11	പഞ്ചായത്ത് ഓഫീസ് ഫർണിച്ചർ വാങ്ങൽ (309/2021)	450000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300143953 തീ. 11.04.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	450000
12	ഡിജിറ്റൽ ഗ്രാമം പദ്ധതി (236/2021)	75000 തനത് ഫണ്ട്	22001385/2986450 തീ. 18.12.2020	തനത് ഫണ്ട്	74500
				ആകെ	**4282099**

പ്രോജക്ടുകളുടെ ഫയലുകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 35/11.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹42,82,099/- തടസ്സപ്പെടുത്തുന്നു.

1-32 പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - ₹99,88,705/- തടസ്സപ്പെടുത്തുന്നു

മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം 21 പ്രോജക്ടുളിലായി ₹99,88,705/- 2020-21-ൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളത്.

ക്രമ നം	പ്രോജക്ടിന്റെ പേര്	അടങ്കൽ (₹)	ബിൽ/വൗച്ചർ/ചെക്ക് നം./തിയതി	ഫണ്ട്	തുക (₹)
1	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 1, 2, 3 (161/2021)	495000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300331620 തീ. 09.07.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	490500
2	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 4, 5, 6 (163/2021)	495000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300331621 തീ. 09.07.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	490500

3	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 7, 8, 9 (165/2021)	495000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300331623 തീ. 09.07.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	490500
4	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 10, 11, 12 (167/2021)	495000 തനത് ഫണ്ട്	22000677/1636259 തീ. 10.08.2020	തനത് ഫണ്ട്	490500
5	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 13, 14, 15 (172/2021)	495000 തനത് ഫണ്ട്	22000886/1636797 തീ. 23.09.2020	തനത് ഫണ്ട്	490500
6	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 16, 17, 18 (174/2021)	495000 വികസന ഫണ്ട്-പൊതുവിഭാഗം	20100252013300435763 തീ. 18.08.2020	വികസന ഫണ്ട്-പൊതുവിഭാഗം	490500
7	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 19, 20 (176/2021)	345780 വികസന ഫണ്ട്-പൊതുവിഭാഗം	20100252013300435773 തീ. 18.08.2020	വികസന ഫണ്ട്-പൊതുവിഭാഗം	327000
8	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 3 (178/2021)	275000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300726359 തീ. 11.11.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	275000
		220000 തനത് ഫണ്ട്	22001236/2986227 തീ. 11.11.2020	തനത് ഫണ്ട്	220000
9	താമരക്കണ്ടം തേക്കടി വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (179/2021)	495000 തനത് ഫണ്ട്	22000526/800952 തീ. 09.07.2020	തനത് ഫണ്ട്	490500
10	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 19 (182/2021)	495000 തനത് ഫണ്ട്	22000887/1636797 തീ. 23.09.2020	തനത് ഫണ്ട്	490500
11	മിനിമാസ്റ്റ് ലൈറ്റ്	495000	22000676/1636258	തനത് ഫണ്ട്	490500

	സ്ഥാപിക്കൽ വാർഡ് 4 (186/2021)	തനത് ഫണ്ട്	തീ. 10.08.2020		
12	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 8 (187/2021)	495000 തനത് ഫണ്ട്	22000888/1636798 തീ. 23.09.2020	തനത് ഫണ്ട്	490500
13	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 17 (189/2021)	495000 തനത് ഫണ്ട്	22000678/1636259 തീ. 10.08.2020	തനത് ഫണ്ട്	490500
14	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 11 (190/2021)	495000 തനത് ഫണ്ട്	22000675/1636257 തീ. 10.08.2020	തനത് ഫണ്ട്	490500
15	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 12, 14, 20 (263/2021)	400000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300143957 തീ. 11.04.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	400000
16	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 12 (320/2021)	495000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100252013300143956 തീ. 11.04.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	489755
17	എസ് സി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (449/2021)	750000 വികസന ഫണ്ട്-പട്ടികജാതി വിഭാഗം	20100252013300184552 തീ. 20.05.2020	വികസന ഫണ്ട്-പട്ടികജാതി വിഭാഗം	723450
18	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 3 (487/2021)	200000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്		ധനകാര്യ കമ്മീഷൻ ഗ്രാന്റ്	197000
19	കുഴിക്കണ്ടം വാർഡിൽ മിനിമാസ്റ്റ് ലൈറ്റ്	495000 തനത് ഫണ്ട്	22000765/1636454 തീ. 24.08.2020	തനത് ഫണ്ട്	490500

	സ്ഥാപിക്കൽ (518/2021)				
20	കുമളി ടൗൺ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (560/2021)	495000 തനത് ഫണ്ട്	22001217/2986937 തീ. 11.11.2020	തനത് ഫണ്ട്	490000
21	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 12 (561/2021)	495000 തനത് ഫണ്ട്	22001220/2986940 തീ. 11.11.2020	തനത് ഫണ്ട്	490000
				ആകെ	**9988705**

പ്രോജക്ട് നം. 176/2021, 263/2021, 320/2021, 449/2021, 487/2021, 518/2021, 560/2021, 561/2021 എന്നീ പ്രോജക്ടുകളുടെ ഫയലിൽ സാംഖ്യ ബില്ലിന്റെ പകർപ്പ് മാത്രമാണുള്ളത്. ടെണ്ടർ നോട്ടീസ്, ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ, ബിൽ തുടങ്ങിയ വിശദാംശങ്ങൾ ഫയലില്ല.

പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിൽ മിനിഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച ലൊക്കേഷൻ ഉൾപ്പടെയുള്ള വ്യക്തമായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

സ.ഉ(എം.എസ്)നം.13/2015/ഐ.ടി.ഡി/തീ. 12.05.2015 പ്രകാരം 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ നടപടി ക്രമം ഒഴിവാക്കുന്നതിന് 20 പ്രോജക്ടുകളാണ് മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചത്. ഗ്രാമപഞ്ചായത്ത് സ്റ്റിയറിംഗ് കമ്മിറ്റിയുടെ 24.05.2020-ലെ 1(1) തീരുമാന പ്രകാരം സമയബന്ധിതമായി പദ്ധതി നടപ്പാക്കുന്നതിന് സ്ഥാപിക്കുന്ന ലൈറ്റുകളുടെ ഗുണമേന്മ ഉറപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ട് വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതിനാലും ഇ-ടെണ്ടർ ഒഴിവാക്കി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. എന്നാൽ, ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിന് നൽകിയിരിക്കുന്ന കാരണങ്ങൾ വാസ്തവികവും നീതീകരിക്കത്തക്കതുമല്ല. ഇ-ടെണ്ടർ നടപടിക്രമം ഒഴിവാക്കിയത് വഴി മത്സരക്ഷമത ഇല്ലാതാക്കുന്നതിനും വലിയ വിലയ്ക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടിയും വന്നു.

ടെണ്ടറുകളിൽ പങ്കെടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ ടെണ്ടറുകളിൽ വിജയിയായ സ്ഥാപനങ്ങളൊഴികെയുള്ളവ ജി.എസ്.ടി രജിസ്ട്രേഷൻ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ, ടെണ്ടറുകളിൽ വിജയികളായ സ്ഥാപനങ്ങളുടെ ബില്ലിൽ നൽകിയിട്ടുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ പ്രകാരമുള്ള വിവരങ്ങളും ടെണ്ടറിലെയും ബില്ലിലെയും വിവരങ്ങളും വ്യത്യസ്തമാണ്. വ്യാപകമായ രീതിയിൽ ടെണ്ടർ നടത്തി എന്ന പ്രതീതി സൃഷ്ടിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ മുഖേനെയാണ് പ്രവൃത്തികൾ ചെയ്തിരിക്കുന്നത്. ബില്ലിൽ 2019 ഓഗസ്റ്റ് 1 മുതൽ ബാധകമാക്കിയ 1 ശതമാനം പ്രളയ സെസ് ഉൾപ്പെടുത്തിയിട്ടില്ല. യഥാർത്ഥ ജി.എസ്.ടി ഇൻവോയ്സുകൾ സമർപ്പിക്കാത്തത് വഴി ജി.എസ്.ടി ഇനത്തിൽ സർക്കാരിന് ലഭ്യമാകേണ്ടിയിരുന്ന നികുതി ലഭിക്കാതെ വരുമാന നഷ്ടത്തിന് ഇടയാക്കിയിരിക്കുകയാണ്. ടെണ്ടർ നടപടി ക്രമങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

ടെണ്ടർ നം. എ2-1126/2020-21/തീ. 01.06.2020 ടെണ്ടർ നോട്ടീസ് പ്രകാരം 161/2021, 163/2021, 165/2021, 167/2021, 172/2021, 174/2021, 176/2021, 178/2021, 179/2021, 182/2021, 186/2021, 187/2021, 189/2021, 190/2021 എന്നീ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ₹4,95,000/- വീതമുള്ള അടങ്കലിൽ ആണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. Offer For Supply, Installation And

1000+Gst Commissioning Of 6m Mini Mast Led Light System Including 4 Nos Of 100w Led Luminaries6M 4”Lass B GI Tubular Pole With Accessories Automatic On/Off Timer Switch ELCB, MCB, Meter Box Etc Civil & Electrical Works With 3 Year Warranty എന്ന സ്പെസിഫിക്കേഷനിലുള്ള മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്. ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള 7 സ്ഥാപനങ്ങളിൽ ഇ.ജി. എന്റർപ്രൈസസ്, കളമശ്ശേരി എന്ന സ്ഥാപനം മാത്രം ജി.എസ്.ടി രജിസ്ട്രേഷൻ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. എന്നാൽ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 22.06.2020-ലെ 1-3 തീരുമാനം, ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 24.06.2020-ലെ 3-2 തീരുമാനം എന്നിവ പ്രകാരം ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത ഇ.ജി എന്റർപ്രൈസസ്, കളമശ്ശേരി എന്ന സ്ഥാപനത്തിന്റെ ടെണ്ടറുകൾ (ജി.എസ്.ടി കൂടാതെ ₹145982/ യൂണിറ്റ്) അംഗീകരിച്ച് എ2-1126/20തീ. 29.06.2020 സപ്ലൈ ഓർഡർ നൽകി. എന്നാൽ, ടെണ്ടർ നോട്ടീസിലെ ഓരോ ഇനത്തിന്റെയും തുകയും വിശദാംശങ്ങളും പ്രത്യേകം കാണിക്കേണ്ടതാണ് എന്ന നിബന്ധന പാലിക്കാതെയാണ് തുക രേഖപ്പെടുത്തിയിട്ടുള്ളത്. ജി.എസ്.ടി രജിസ്ട്രേഷൻ രേഖകളും മറ്റ് അനുബന്ധ വിവരങ്ങളും ഹാജരാക്കാത്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച നടപടി ക്രമവിരുദ്ധമാണ്.

മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന് ഇ.ജി എന്റർപ്രൈസസ്, കളമശേരി സമർപ്പിച്ച ഇൻവോയ്സുകളിൽ ഇ.ജി എന്റർപ്രൈസസ് എന്ന് മാത്രമാണ് വിലാസം രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലം നൽകിയിട്ടില്ല. ഇ.ജി എന്റർപ്രൈസസ്, കളമശേരി സമർപ്പിച്ച ജി.എസ്.ടി ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ 32BWHPA18344L1ZS പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ വിലാസം XII/1297, E G ENTERPRISES, MOUNT SINAI BUILDING, N H 183, KUMILY, Idukki, Kerala, 685509 എന്നാണ്. ജി.എസ്.ടി രജിസ്ട്രേഷൻ വിശദാംശങ്ങൾ പ്രകാരം ഓഫീസ് സ്റ്റേഷനറി, പ്ലംബിംഗ് സാമഗ്രികൾ, തേയില തുടങ്ങിയവയുടെ വിതരണമാണ് സ്ഥാപനത്തിന്റെ പ്രധാന വ്യാപാര മേഖല. ഇലക്ട്രിക്ക്, ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ വിതരണത്തിന് രജിസ്ട്രേഷനില്ലാത്ത സ്ഥാപനം മുഖാന്തിരം തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടാതണ്.

ഇ.ജി. എന്റർപ്രൈസസ് സമർപ്പിച്ച ജി.എസ്.ടി ബില്ലുകൾ പ്രകാരം മിനിമാസ്റ്റ് ലൈറ്റൊന്നിന് ₹1,45,982/-യും 12 ശതമാനം ജി.എസ്.ടി. ₹17,518/-യും ഉൾപ്പെടെ ₹1,63,500/-യാണ് ഈടാക്കിയിട്ടുള്ളത്. ബില്ലിൽ 2019 ഓഗസ്റ്റ് 1 മുതൽ ബാധകമാക്കിയ 1 ശതമാനം പ്രളയ സെസ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കിയത് വഴി മത്സരക്ഷമതയുടെ സാധ്യത ഇല്ലാതാക്കുകയും ജില്ലയ്ക്ക് പുറത്ത് നിന്നുമുള്ള സ്ഥാപനമാണ് ടെണ്ടറിൽ പങ്കെടുത്തതെന്ന് വരുത്തി വ്യാജ സ്ഥാപനത്തിന് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള അവസരമാണ് ഗ്രാമ പഞ്ചായത്ത് ഒരുക്കി കൊടുത്തിട്ടുള്ളത്. മിനിമാസ്റ്റ് ലൈറ്റുകൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ചേർത്തിട്ടില്ല. പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി അധികമായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവരിൽ നിന്നും ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹99,88,705/- തടസ്സപ്പെടുത്തുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ആനക്കുഴി പ്രിയദർശിനി റോഡ് പുനരുദ്ധാരണം - പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം ആയി ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് വരുത്തിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ
പ്രോജക്ട് നം.	259/21
പദ്ധതി അടങ്കൽ	₹18,20,000/- (വികസന ഫണ്ട് – ₹18,00,000/- സംരക്ഷണ ഗ്രാന്റ് റോഡ് – ₹20,000/-)
കൺവീനർ	രോഹിൻ സി.
കരാർ നം	134/AE/LSGD/KLY തീ.23.11.2018
അളവു ബുക്ക്	734/18-19
ബിൽ നം. & തുക	18100252013501574284/30.03.2019 – ₹2,60,755/- 19100252013500598305/23.09.2019 – ₹3,70,801/- 19100252013500982007/23.12.2019 – ₹3,24,555/- 19100252013501472062/12.03.2020 – ₹3,83,010/- 19100252013501638814/29.3.20;₹144448/-

ആനക്കുഴി പ്രിയദർശിനി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ₹15,84,783/- ക്വോട്ട് ചെയ്തിരുന്ന (എസ്റ്റിമേറ്റ് തുകയിൽ നിന്നും 12.92% കുറവ്) ശ്രീ. രോഹിൻ സി. എന്ന കരാറുകാരനെയാണ് ഏൽപ്പിച്ചിരുന്നത്. പഞ്ചായത്ത് ഭരണ സമിതി 21.10.2019-ലെ 3(11) നമ്പർ തീരുമാന പ്രകാരം അനുമതി നൽകിയതിനെ തുടർന്ന് 29.10.2019-ൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം 2 ആയി ഉൾപ്പെടുത്തിയിരുന്നത് കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ചുള്ള എർത്ത് ഫില്ലിംഗായിരുന്നു (60.2.1). പ്രസ്തുത പ്രവൃത്തിക്ക് ഡി.എസ്.ആർ ഷെഡ്യൂൾ പ്രകാരമുള്ള നിരക്ക് ₹482.13/M3 ആണ്. 09.08.2017-ലെ ജി.ഒ.(പി)നം.3/2017/പി.ഡബ്ല്യൂ.ഡി. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എക്സ്ട്രാ ഇനം ആയി ഉൾപ്പെടുത്തിയ പ്രവൃത്തിക്ക് ആകെയുള്ള ടെണ്ടർ കിഴിവിന്റെ അടിസ്ഥാനത്തിൽ നിരക്ക് അനുവദിക്കേണ്ടതാണ്. കരാറുകാരൻ ക്വോട്ട് ചെയ്ത 12.92% കിഴിവ് വരുത്തിയ ശേഷം കരാറുകാരന് അനുവദിക്കാവുന്ന നിരക്ക് ₹419.83/M3 (482.13x87.08%) ആണ്. എന്നാൽ കരാറുകാരന് അനുവദിച്ചിരിക്കുന്നത് ₹475.91/M3 നിരക്കിലുള്ള തുകയാണ്. അധിക നിരക്ക് അനുവദിച്ചത് മൂലം കരാറുകാരന് അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

185.31m3 എർത്ത് ഫില്ലിംഗിന് ₹475.91/M3നിരക്കിൽ കരാറുകാരന് നൽകിയ തുക	₹88190.88
185.31m3 എർത്ത് ഫില്ലിംഗിന് ₹419.83/M3നിരക്കിൽ കരാറുകാരന് നൽകാവുന്ന തുക	₹77798.69
കരാറുകാരന് അധികം നൽകിയ തുക	₹10392

കരാറുകാരന് ₹10,392/- അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(എൻക്വയറി നം.9/30.12.2021) ഓഡിറ്റ് കണ്ടെത്തൽ ശരിയാണെന്നും തുക തിരികെ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയായി

അറിയിച്ചിട്ടുണ്ട്. ₹10,392/- അന്തിമ ബിൽ തയ്യാറാക്കി നൽകിയ അസി. എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-2 മുക്ക റോഡ് ആനക്കുഴി പുതുവൽ റോഡ് പുനരുദ്ധാരണം - പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം ആയി ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പൂർണ്ണമായും വരുത്തിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ
പ്രോജക്ട് നം.	311/21
പദ്ധതി അടങ്കൽ	₹14,50,000/- (സംരക്ഷണ ഗ്രാന്റ് റോഡ്)
കരാറുകാരൻ	മനോജ് എം. ജി.
കരാർ നം	125/AE/LSGD/KLY/തീ. 05.11.2019
അളവ് ബുക്ക്	212/18-19
ബിൽ നം. & തുക	19100252013501637341/29.03.2020, ₹4,98,400/- 20100252013500399399/06.08.2020, ₹6,92,200/-

മുക്ക റോഡ്-ആനക്കുഴി-പുതുവൽ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ₹10,70,376/- ക്വോട്ട് ചെയ്തിരുന്ന (എസ്റ്റിമേറ്റ് തുകയിൽ നിന്നും 17.3% കുറവ്) ശ്രീ. മനോജ് എം. ജി. എന്ന കരാറുകാരനെയാണ് ഏൽപ്പിച്ചിരുന്നത്. പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം ആയി സ്ട്രക്ചറൽ സ്റ്റീൽ വർക്ക് എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നു (DSR 10.2) പുതുക്കിയ എസ്റ്റിമേറ്റിൽ പ്രസ്തുത പ്രവൃത്തിക്ക് ഡി.എസ്.ആർ. ഷെഡ്യൂൾ പ്രകാരമുള്ള നിരക്കായി രേഖപ്പെടുത്തിയിരിക്കുന്നത് ₹94.04/Kg ആണ്. കരാറുകാരൻ ക്വോട്ട് ചെയ്ത 17.3% കിഴിവ് വരുത്തിയ ശേഷം കരാറുകാരന് അനുവദിക്കാവുന്ന നിരക്ക് ₹77.77/Kg ആണ്. എന്നാൽ കരാറുകാരന് അനുവദിച്ചിരിക്കുന്നത് ₹83.20/Kg നിരക്കിലുള്ള തുകയാണ്. അധിക നിരക്ക് അനുവദിച്ചത് മൂലം കരാറുകാരന് അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1591.40kg സ്ട്രക്ചറൽ സ്റ്റീൽ വർക്കിന് ₹83.20/Kg നിരക്കിൽ കരാറുകാരന് നൽകിയ തുക	₹132404.48
1591.40kg സ്ട്രക്ചറൽ സ്റ്റീൽ വർക്കിന് ₹77,77/Kg നിരക്കിൽ കരാറുകാരന് നൽകാവുന്ന തുക	₹123763
കരാറുകാരന് അധികം നൽകിയ തുക	₹8641

കരാറുകാരന് ₹8,641/-യും 12% ജി.എസ്.ടി നഷ്ടപരിഹാര തുകയും ഉൾപ്പെടെ ₹9,678/- അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം. 11/30.12.2021) ഓഡിറ്റ് കണ്ടെത്തൽ ശരിയാണെന്നും തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. ₹9,678/- കരാറുകാരനിൽ നിന്നോ, അന്തിമ ബിൽ തയ്യാറാക്കി നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-3 ഒന്നാം മൈൽ സംഘമിത്ര റോഡ് കോൺക്രീറ്റിംഗ് - ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ
പ്രോജക്റ്റ് നം.	441/20 & 312/21
പദ്ധതി അടങ്കൽ	₹4,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)
കരാറുകാരൻ	മനോജ് എം. ബി
എസ്റ്റിമേറ്റ് തുക	₹3,56,371/-
കരാർ നം	124/AE/LSGD/KLY/05.11.2019
അളവ് ബുക്ക്	714/14-15
ബിൽ നം. & തുക	3/08.05.2019, ₹74,188/- 19100252013501573900/21.03.2020, ₹1,53,864/-

ഒന്നാം മൈൽ-സംഘമിത്ര റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഏറ്റെടുത്തിരുന്നത് എസ്റ്റിമേറ്റ് തുകയിൽ നിന്നും 7% കുറവ് രേഖപ്പെടുത്തിയ ശ്രീ. മനോജ് എം. ബി. എന്ന കരാറുകാരനാണ്. 127.5 മീ. നീളത്തിൽ 37.413m3 കോൺക്രീറ്റിംഗ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ കരാറുകാരൻ പ്രവൃത്തികൾ ഭാഗികമായി നടപ്പിലാക്കി പാർട്ട് ബില്ലിനത്തിൽ ₹1,53,864/- കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല. കരാറുകാരന് പാർട്ട് ബിൽ അനുവദിച്ചപ്പോൾ 7% ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം ₹11,046/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കരാറുകാരന് നൽകിയ തുക (₹)

ആകെ പ്രവൃത്തി മൂല്യം	₹140902
(-)2.5% Retension	₹3523
	₹137379
(+)12% ജി.എസ്. ടി	₹16485
കരാറുകാരന് നൽകിയ തുക	₹153864

<u>കരാറുകാരന് അനുവദിക്കാവുന്ന തുക</u>

ആകെ പ്രവൃത്തി മൂല്യം	₹140902
(-)2.5% Retension	₹ 3523
(-)7% ടെണ്ടർ കിഴിവ്	₹ 9863
	₹127516
(+)12% ജി.എസ്. ടി	₹15302
കരാറുകാരന് നൽകിയ തുക	₹142818

കരാറുകാരന് ₹11,046/- (153864-1428180) നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.8/30.12.2021) ഓഡിറ്റ് കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്. ₹11,046/- പാർട്ട് ബിൽ തയ്യാറാക്കി നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ കരാറുകാരനിൽ നിന്നോ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>3-4 ആധുനിക അറവുശാല നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനിയർ
പ്രോജക്റ്റ് നം.	328/21
പദ്ധതി അടങ്കൽ	₹1,90,00,000/-
അളവ് ബുക്ക്	9657, 9885 & 9886
പദ്ധതി ചെലവ് വിശദാംശങ്ങൾ	ചെക്ക് നം. 046164/19.03.2013, ₹38,00,000/- ചെക്ക് നം. 040632/24.03.2013, ₹22,00,000/- ചെക്ക് നം. 195331/21.12.2013, ₹12,00,000/- ചെക്ക് നം. 26212330/09.01.2015, ₹30,00,000/- ചെക്ക് നം. 212647/10.04.2015, ₹20,00,000/- ചെക്ക് നം. 212612/07.04.2015, ₹12,00,000/- ചെക്ക് നം. 860220/13.04.2016, ₹3,70,00,000/- ചെക്ക് നം. 3732303/29.03.21, ₹17,03,821/-

കുമളി ഗ്രാമ പഞ്ചായത്തിൽ ആധുനിക അറവുശാല നിർമ്മിക്കുന്നതിന് ₹1,90,00,000/-അടങ്കൽ നിശ്ചയിച്ച് 2012-13 വർഷം ആവിഷ്കരിച്ച പദ്ധതിയുടെ നിർവ്വഹണ ചുമതല അക്രെഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തെയാണ് ഏൽപ്പിച്ചിരുന്നത്.

നിർമ്മിതി കേന്ദ്രവുമായി 08.08.2012-ൽ ഗ്രാമ പഞ്ചായത്ത് കരാറിലേർപ്പെടുകയും ചെയ്തു (കരാർ നം.001/AE/LSGD/KLY/12-13, തീ. 08.08.2012). അന്തിമ ബിൽ തയ്യാറാക്കി നിർമ്മിതി കേന്ദ്രത്തിന് തുക അനുവദിച്ചതിലും പദ്ധതി ആസൂത്രണത്തിലും താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാറ്റിനത്തിൽ അധികം തുക നൽകി

അളവ് ബുക്ക് പ്രകാരമുള്ള (എം. ബുക്ക് 9886) ആകെ പ്രവൃത്തി മൂല്യം ₹1,70,65,295/-യാണ്. ആകെ പ്രവൃത്തി മൂല്യത്തിന്റെ 5% വാറ്റ് ₹8,53,265/-യാണ്. എന്നാൽ ആകെ പ്രവൃത്തി മൂല്യം 2.5% ഇൻസ്റ്റിറ്റ്യൂഷണൽ ഫീ കൂടി ഉൾപ്പെടെയുള്ള ₹1,74,91,927/-യുടെ 5% ആയ ₹8,74,596/-യാണ് അക്രെഡിറ്റഡ് ഏജൻസിക്ക് നൽകിയിട്ടുള്ളത്. ₹21,331/- അധികം നൽകിയിട്ടുണ്ട്.

2. വാറ്റ് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല

01.07.2017 മുതൽ വാറ്റ് നിലവിലില്ലെങ്കിലും ആകെ പ്രവൃത്തി മൂല്യത്തിന്റെ 5% വാറ്റ് കണക്കാക്കി ₹8,74,596/- നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഏജൻസി വാറ്റ് തുക സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 01.07.2017 മുതൽ 2% നിരക്കിലുള്ള ജി.എസ്.ടി. ആയിരുന്നു ബാധകമായിരുന്നത്.

3. സെന്റേജ് ചാർജ്ജിനത്തിൽ അധികം തുക നൽകി

അളവ് ബുക്ക് പ്രകാരമുള്ള ആകെ പ്രവൃത്തി മൂല്യം ₹1,70,65,295/-യാണ്. ആകെ പ്രവൃത്തി മൂല്യത്തിന്റെ 2.5% ആയ ₹4,26,632/-യാണ് സെന്റേജ് ചാർജ്ജിനത്തിൽ നിർവ്വഹണ ഏജൻസിക്ക് അനുവദിക്കാവുന്നത്. എന്നാൽ സെന്റേജ് ചാർജ്ജിനത്തിൽ ₹4,37,298/- നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയിയിട്ടുണ്ട്. അധികം നൽകിയ ₹10,666/- ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

4. നിർവ്വഹണ ഏജൻസിക്ക് ഇൻസ്റ്റിറ്റ്യൂഷണൽ ഫീയിനത്തിൽ തുക അനുവദിച്ചു

നിർമ്മിതി കേന്ദ്രവുമായി ഗ്രാമ പഞ്ചായത്ത് ഒപ്പ് വെച്ച 08.08.2012-ലെ 001/AE/LSGD/KLY/12-13 നമ്പർ കരാറിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഫീ അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ നിർമ്മിതി കേന്ദ്ര ആകെ പ്രവൃത്തി മൂല്യമായ ₹1,70,65,295/-യുടെ 2.5% ആയ ₹4,26,632/- ഗ്രാമ പഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഈടാക്കേണ്ടതാണ്.

5. പദ്ധതി ആസൂത്രണത്തിലെ അപാകതകൾ മൂലം അറവുശാല പ്രവർത്തനക്ഷമമല്ല

ഗ്രാമ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥിതി ചെയ്യുന്ന വളപ്പിൽ തന്നെയാണ് ആധുനിക അറവുശാലയും നിർമ്മിച്ചിട്ടുള്ളത്. രണ്ട് സ്ഥാപനങ്ങളിലേക്കുമുള്ള പ്രവേശന കവാടവും ഒന്നുതന്നെയാണ്. ആധുനിക അറവുശാലയും മാലിന്യ സംസ്കരണ പ്ലാന്റും ഒരേ കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായേക്കാമെന്ന വസ്തുത പദ്ധതി ആസൂത്രണ സമയത്ത് പരിഗണിച്ചില്ല. അറവുശാലയിലേക്ക് ആവശ്യമായ ശുദ്ധജലത്തിന്റെ ലഭ്യതയും ഉറപ്പ് വരുത്തിയിരുന്നില്ല. കേരള വാട്ടർ അതോറിറ്റിയുടെ ഹൗസ് കണക്ഷൻ സംവിധാനം മാത്രമാണ് നിലവിലുള്ളത്. ബുധൻ, ഞായർ ദിവസങ്ങളിൽ മാത്രമാണ് ജലം ലഭ്യമാകുന്നത്. അറവുശാലയുടെ പ്രവർത്തനത്തിന് പ്രതിദിനം ഏകദേശം 6000 ലിറ്റർ വെള്ളം ആവശ്യമാണെന്നിരിക്കെ അറവുശാലയിലേക്ക് ആവശ്യമായ ജല ലഭ്യത ഉറപ്പ് വരുത്താതിരുന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയാണ്. ആധുനിക അറവു ശാല രണ്ട് നിലകളിലായിട്ടാണ് പണി കഴിച്ചിരിക്കുന്നത്. സീവേജ് ഫിൽട്ടറിംഗ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഫിൽട്ടറിംഗ് സംവിധാനത്തിന്റെ തകരാർ, ജല ലഭ്യതയുടെ അപര്യാപ്തത എന്നിവ മൂലം ആധുനിക അറവുശാലയുടെ പ്രവർത്തനം നിർത്തി വെച്ചിരിക്കുകയാണ്.

6. അറവുശാലയുടെ നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തി

നിർമ്മിതി കേന്ദ്രവുമായി ഗ്രാമ പഞ്ചായത്ത് ഒപ്പ് വെച്ച 08.08.2012-ലെ 001/AE/LSGD/KLY/12-13 നമ്പർ കരാറിൽ അറവുശാലയുടെ നിർമ്മാണം 31.03.2013-നകം പൂർത്തീകരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് 8 വർഷത്തിന് ശേഷമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 13.04.2016-നുള്ളിൽ പ്രോജക്ട് ചെലവിന്റെ 90 ശതമാനവും നിർമ്മിതി കേന്ദ്രയ്ക്ക് കൈമാറിയിരുന്നെങ്കിലും പദ്ധതിയുടെ പൂർത്തീകരണത്തിലുണ്ടായ അനന്തമായ കാല താമസം ഉപകരണങ്ങളുടെ പ്രവർത്തനക്ഷമതയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.32/7.01.22) വിശദീകരണം നൽകിയിട്ടില്ല.

സെന്റേജ് ചാർജ്ജിനത്തിൽ അധികം നൽകിയ ₹10,666/- (ഉപ ഖണ്ഡിക. 3) ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. വാറ്റ്, ഇൻസ്റ്റിറ്റ്യൂഷണൽ ഫീ എന്നീ ഇനങ്ങളിൽ നിർവ്വഹണ ഏജൻസിക്ക് നൽകിയ ₹13,01,228/- (874596+426632) തിരികെ ഈടാക്കേണ്ടതാണ്. ജല ലഭ്യതയുടെ അഭാവം, ഫിൽട്ടറിംഗ് സംവിധാനത്തിന്റെ തകരാർ എന്നിവ പരിഹരിച്ച് അറവുശാല പ്രവർത്തന സജ്ജമാക്കുവാനുള്ള തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

3-5 വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത - നഷ്ടം ₹24,850/-

പ്രോജക്ട്	520/20 (444/21) വയോജനങ്ങൾക്ക് കമ്പിളി പുതപ്പ്	521/20 (445/21) വയോജനങ്ങൾക്ക് കമ്പിളി പുതപ്പ്
അടങ്കൽ	₹4,95,000/- (തനത് ഫണ്ട്)	₹3,50,000/- (തനത് ഫണ്ട്)
നിർവ്വഹണം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
കരാറുകാരൻ	എസ്.എ. ട്രേഡേഴ്സ്, കളമശേരി	എസ്.എ. ട്രേഡേഴ്സ്, കളമശേരി
ചെലവ്	₹4,78,798/-	₹3,44,350/-
വൌച്ചർ നം. /തീയതി/ തുക	22000246/22.05.20, ₹4,69,222/- 22000255/22.05.20, ₹4,788/- 22000256/22.05.20, ₹4,788/-	22000247/22.05.20, ₹3,37,462/- 22000255/22.05.20, ₹3,444/- 22000256/22.05.20, ₹3,444/-
	ആകെ ₹4,78,798/-	**ആകെ ₹3,44,350/-**

2019-20 വർഷം ഏറ്റെടുത്തതും 2020-21-ൽ പൂർത്തീകരിച്ചതുമായ വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് വിതരണം എന്ന മുകളിൽ സൂചിപ്പിച്ചിട്ടുള്ള രണ്ട് പദ്ധതികൾക്കായി യഥാക്രമം 532, 355 എണ്ണം കമ്പിളി പുതപ്പുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഒരേ സാമ്പത്തിക വർഷം ഒരേ ആവശ്യത്തിന് രണ്ട് പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്ന രീതി കുമളി ഗ്രാമ പഞ്ചായത്തിൽ അനുവർത്തിച്ച് വരുന്നുണ്ട്. ഇത് മൂലം പദ്ധതികളുടെ വാങ്ങൽ നടപടികൾ ഇ-ടെണ്ടറിന്റെ പരിധിയിൽ വരാതിരിക്കുവാൻ കാരണമാവുകയും കൂടുതൽ മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കാതിരിക്കയും ചെയ്യുന്നു. ഈ രീതി അടിയന്തിരമായി അവസാനിപ്പിക്കേണ്ടതാണ്. മേൽ പദ്ധതികൾക്കായി 05.01.2020-ലെ എ2-6225/2019-20 നമ്പർ നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും അതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ എസ്.എ. ട്രേഡേഴ്സ്, കളമശ്ശേരി എന്ന സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നൽകുകയുമുണ്ടായി. എന്നാൽ ഒരേ ദിവസം വിളിച്ച ടെണ്ടറിൽ പങ്കെടുത്ത ഒരേ സ്ഥാപനത്തിൽ നിന്നും രണ്ട് പദ്ധതികളിലായി കമ്പിളി പുതപ്പ് എന്ന ഒരേ ഇനത്തിന് യഥാക്രമം ₹900/-, ₹970/- എന്നിങ്ങനെ രണ്ട് വിലയിൽ ടെണ്ടർ ഉറപ്പിച്ച് നൽകിയതിനാൽ പഞ്ചായത്തിന് ഈ വാങ്ങലിൽ താഴെ പറയും പ്രകാരം ₹24,850/- നഷ്ടം ഉണ്ടായിരിക്കുന്നു.

ക്രമ	പ്രോജക്ട് നം.	ഇനം	സ്ഥാപനം	നിരക്ക്	എണ്ണം	ഇൻവോയ്സ്	തുക	റിമാർക്സ്

നം.				(ജി.എസ്.ടി. ഉൾപ്പെടെ)		നം./തീയതി	₹	
1	520/20 (444/21) വയോജനങ്ങൾക്ക് കമ്പിളി പുതപ്പ്	കമ്പിളി പുതപ്പ് (Double Bed Mink Blanket 2kg)	എസ്.എ. ട്രേഡേഴ്സ്, കളമശേരി	899.99	532	328/21.05.2020	478798	
2	521/20 (445/21) വയോജനങ്ങൾക്ക് കമ്പിളി പുതപ്പ്	കമ്പിളി പുതപ്പ് (Double Bed Mink Blanket 2kg)	എസ്.എ. ട്രേഡേഴ്സ്, കളമശേരി	970	355	332/21.05.2020	344350	അധിക നിരക്ക് അംഗീകരിച്ചതിനാൽ ₹24,850/- (355x70) അധികം നൽകിയിരിക്കുന്നു

പ്രോജക്ട് നം.521/20-ൽ ടെണ്ടറിനോടൊപ്പം എസ്.എ. ട്രേഡേഴ്സ്, കളമശേരി എന്ന സ്ഥാപനം വില വിവര പത്രികയിൽ കമ്പിളി ഒന്നിന് ₹900/- എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വിവരം പഞ്ചായത്ത് ഭരണ സമിതിയെ യഥാവിധി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടില്ല. ആയതിനാൽ ഭരണസമിതിയുടെ 04.02.2020-ലെ 12(3) നമ്പർ കമ്മിറ്റി തീരുമാനത്തിൽ സ്ഥാപനം രേഖപ്പെടുത്താത്ത നിരക്കായ ₹970/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് 03.01.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16-ന് ലഭ്യമാക്കിയ മറുപടിയിൽ നിരക്ക് തെറ്റായി ഉൾപ്പെടുത്തിയതാണെന്നും തുക കരാറുകാരനോട് ഈടാക്കുവാൻ നടപടി ഉണ്ടാവണമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി മൂലമുള്ള നഷ്ടത്തിന് ടെണ്ടർ നടപടി സ്വീകരിച്ച നിർവ്വഹണ ഉദ്യോഗസ്ഥ മാത്രമാണ് ഉത്തരവാദി. നഷ്ടതുക ₹24,850/- ഉത്തരവാദിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3-6 വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് വിതരണം - ബിൽ തുക അധികം നൽകി- നഷ്ടം ₹33,600/-

പ്രോജക്ട്	101/20 (441/21) വയോജനങ്ങൾക്ക് കമ്പിളി പുതപ്പ്
അടങ്കൽ	₹4,80,000/- (തനത് ഫണ്ട്)
നിർവ്വഹണം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
കരാറുകാരൻ	എസ്.എ. ട്രേഡേഴ്സ്, കളമശേരി
ചെലവ്	₹4,65,600/-
വൌച്ചർ നം. /തീയതി/ തുക	22000245/22.05.20, ₹4,56,288/- 22000288/22.05.20, ₹4,565/- 22000256/22.05.20, ₹4,565/- **ആകെ ₹4,65,600/-**

വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് എന്ന പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ എസ്.എ. ട്രേഡേഴ്സ്, കളമശേരി എന്ന സ്ഥാപനം രേഖപ്പെടുത്തിയ കുറഞ്ഞ നിരക്കായ ₹900/- അംഗീകരിച്ച് 480 കമ്പിളി പുതപ്പ് വാങ്ങുന്നതിന് ടെണ്ടർ ഉറപ്പിച്ച് നൽകുകയും ചെയ്തു. എന്നാൽ സ്ഥാപനം ബിൽ ഹാജരാക്കിയപ്പോൾ നിരക്ക് ₹900/- എന്നതിന് പകരം 21.05.2020-ലെ 331 നമ്പർ ഇൻവോയ്സിൽ നിരക്ക് ₹970/- രേഖപ്പെടുത്തുകയും ആയത് പ്രകാരം തുക നൽകുകയും ചെയ്തിരിക്കുന്നു. ഒരു കമ്പിളി പുതപ്പിന് ₹70/- നിരക്കിൽ 480 കമ്പിളി പുതപ്പിന് ₹33,600/- അധികമായി നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 03.01.2022-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 16-ന് ലഭ്യമാക്കിയ മറുപടിയിൽ മറ്റൊരു പ്രോജക്ടിന്റെ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ കമ്മിറ്റി തീരുമാനം തെറ്റായി ഫയലിൽ കിടന്നതിനാൽ കരാറുകാരന് അധിക തുക നൽകിയതാണെന്നും കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ നഷ്ട തുക ₹33,600/- കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇല്ലാത്തപക്ഷം നഷ്ട തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായി ബാധ്യതയായി കണക്കാക്കുന്നതാണ്.

3-7 സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ- അധിക തുക നൽകി

ടെണ്ടർ നം-എ2-630/2019-20/തീ. 16.10.2020 ടെണ്ടർ നോട്ടീസ് പ്രകാരം 535/2021, 536/2021 എന്നീ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ₹4,95,000/- വീതമുള്ള അടങ്കലിൽ ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. LED Light 30 W Models, Solar Panel Poly-Crystalline 150w/Mono 100 W, Battery Capacity Minimum 80 Ah Lithium-Ion/Lifep04 Battery, Output 2000/2500 Lumen Light Mounting Height 6m Above Ground Level Minimum 3' Post Light Backup Time Full Night, Warranty Period Minimum 3 Year എന്ന സ്പെസിഫിക്കേഷനിലുള്ള സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്. എന്നാൽ, ഇപ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 02.06.2017-ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ വ്യവസ്ഥയില്ല. കൂടാതെ, ടെണ്ടർ നോട്ടീസിലെ ഓരോ ഇനത്തിന്റെയും തുകയും വിശദാംശങ്ങളും പ്രത്യേകം കാണിക്കേണ്ടതാണ് എന്ന നിബന്ധന പാലിക്കാതെയാണ് തുക രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള 7 സ്ഥാപനങ്ങളിൽ സാൻ അന്റോണിയോ എന്റർപ്രൈസസ്, കളമശ്ശേരി എന്ന സ്ഥാപനം ഒഴികെയുള്ള സ്ഥാപനങ്ങൾ ജി.എസ്.ടി രജിസ്ട്രേഷൻ വിശദാംശങ്ങൾ ഹാജരാക്കിയിട്ടുണ്ട്. സാൻ അന്റോണിയോ എന്റർ പ്രൈസസ്, കളമശേരി ₹48,300/യൂണിറ്റ് (₹46000+₹2300 ജി.എസ്.ടി)യാണ് ക്വോട്ട് ചെയ്തത്. എന്നാൽ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 05.11.2020-ലെ 1-3 തീരുമാനം, ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 05.11.2020-ലെ 5-3 തീരുമാനം എന്നിവ പ്രകാരം ഏറ്റവും കുറവ് തുകയായ ₹49,000/- ക്വോട്ട് ചെയ്ത സാൻ അന്റോണിയോ എന്റർപ്രൈസസ്, കളമശ്ശേരി എന്ന സ്ഥാപനത്തിന്റെ ടെണ്ടറുകൾ അംഗീകരിച്ച് എ2-630/20/തീ.06.11.2020 സപ്ലൈ ഓർഡർ നൽകി. സ്ഥാപനത്തിന്റെ ടെണ്ടർ പ്രകാരം ക്വോട്ട് ചെയ്തത് യൂണിറ്റൊന്നിന് ₹48,300/- മാത്രമാണ്. എന്നാൽ, ഗ്രാമപഞ്ചായതത് കമ്മിറ്റിയുടെ തീരുമാനപ്രകാരം യൂണിറ്റൊന്നിന് ₹49,000/- അംഗീകരിച്ച് സ്ഥാപനത്തിൽ നിന്നും ഉയർന്ന നിരക്കിലാണ് ലൈറ്റുകൾ വാങ്ങിയത്. ജി.എസ്.ടി രജിസ്ട്രേഷൻ രേഖകളും മറ്റ് അനുബന്ധ വിവരങ്ങളും ഹാജരാക്കാത്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച നടപടി ക്രമവിരുദ്ധമാണ്.

സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് സാൻ അന്റോണിയോ എന്റർപ്രൈസസ്, കളമശ്ശേരി സമർപ്പിച്ച ഇൻവോയ്സുകളിൽ എസ്.എ. എന്റർപ്രൈസസ്, കളമശ്ശേരി എന്ന വിലാസമാണ് നൽകിയിട്ടുള്ളത്. എസ്.എ. എന്റർപ്രൈസസ് സമർപ്പിച്ച ജി.എസ്.ടി ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ 32DNNPS0408F1Z5 പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ വിലാസം 20/963 A, S A ENTERPRISES, KAIPADAMUGHAL, VADAKODU P O, KALAMASSERY, Ernakulam, Kerala, 682021 എന്നാണ്. ജി.എസ്.ടി രജിസ്ട്രേഷൻ വിശദാംശങ്ങൾ പ്രകാരം ഹാൻഡ് സാനിറ്റൈസർ, ടിഷ്യൂ പേപ്പർ തുടങ്ങിയവയുടെ ഉൽപ്പാദനവും വിതരണവുമാണ് സ്ഥാപനത്തിന്റെ പ്രധാന വ്യാപാര മേഖല. ഇലക്ട്രിക്, ഇലക്ട്രോണിക്

ഉപകരണങ്ങളുടെ വിതരണത്തിന് രജിസ്ട്രേഷനില്ലാത്ത സ്ഥാപനം മുഖാന്തിരം തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

രണ്ട് പ്രോജക്ടുകൾക്കുമായി ₹9,80,000/- ചെലവഴിച്ചിട്ടുണ്ട്. എസ്.എ. എന്റർപ്രൈസസ്, കളമശ്ശേരി സമർപ്പിച്ച ജി.എസ്.ടി ഇൻവോയ്സുകൾ പ്രകാരം തെരുവ് വിളക്കൊന്നിന് ജി.എസ്.ടി ഉൾപ്പടെ ₹4,90,000/-യാണ് ഈടാക്കിയിട്ടുള്ളത്. ടെണ്ടറിൽ ക്വോട്ട് ചെയ്ത തുകയിലും ഉയർന്ന തുക നൽകിയതിനാൽ രണ്ട് പ്രോജക്ടുകളിലുമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹14,000/- അധികമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ബില്ലിൽ 2019 ഓഗസ്റ്റ് 1 മുതൽ ബാധകമാക്കിയ 1 ശതമാനം പ്രളയ സെസ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രോജക്ട്	അനുവദിക്കാവുന്ന തുക (₹)			അനുവദിച്ച തുക (₹)			അധികം നൽകിയ തുക (₹)
	അടിസ്ഥാന വില	ജി.എസ്.ടി	ആകെ	അടിസ്ഥാന വില	ജി.എസ്.ടി	ആകെ	
വെള്ളാരംകുന്ന് വാർഡ് സൗര തെരുവ് വിളക്ക് സ്ഥാപിക്കൽ (535/2021)	460000	23000	483000	466667	23333	490000	7000
ചോറ്റുപാറ പത്തുമുറി വാർഡുകളിൽ സൗര തെരുവ് വിളക്ക് സ്ഥാപിക്കൽ (536/2021)	460000	23000	483000	466667	23333	490000	7000
						ആകെ	14000

അധികം നൽകിയ തുക ഉത്തരവാദികളായ ഭരണ സമിതി അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി തിരികെ ഈടാക്കേണ്ടതാണ്. നിരാകരിച്ച തുക കിഴിച്ചുള്ള ₹9,66,000/- തടസ്സപ്പെടുത്തുന്നു.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2020-2021	ഓഡിറ്റിനോടൊപ്പം പരിശോധിച്ച	

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക ₹	പ്രോജക്ടിന്റെ പേര്	ചെലവ് ₹	ബാലൻസ് ₹
ബ്ലോക്ക് പഞ്ചായത്ത്	2020-2021	767908	മൃഗാശുപത്രി കെട്ടിടം അറ്റകുറ്റപണി	767908	0

4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക ₹	ചെലവഴിച്ച തുക ₹	ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹
കേരള വാട്ടർ അതോറിറ്റി	പൈപ്പ് ലൈൻനീട്ടൽ വാർഡ്-10	22002194/09.11.2020	390000	0	390000
കേരള വാട്ടർ അതോറിറ്റി	പൈപ്പ് ലൈൻനീട്ടൽ വാർഡ് - 11	22002195/09.11.2020	300000	0	300000
കേരള വാട്ടർ അതോറിറ്റി	പള്ളിപറമ്പിൽ ഭാഗം പൈപ്പ് ലൈൻനീട്ടൽ വാർഡ് - 15	22002167/10.02.2021	75000	0	75000
കേരള വാട്ടർ അതോറിറ്റി	കുട്ടിയച്ചൻപടി കുടിവെള്ള പൈപ്പ് ലൈൻനീട്ടൽ വാർഡ് – 16	22002166/10.02.2021	500000	0	500000
കേരള വാട്ടർ അതോറിറ്റി	പാലാമഠം റോഡ് കുടിവെള്ള പദ്ധതി വാർഡ് – 16	22002261/10.02.2021	1300000	0	1300000
കേരള വാട്ടർ അതോറിറ്റി	ഒട്ടകത്തലമേട് പൈപ്പ് ലൈൻ സ്ഥാപിക്കൽ വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കൽ വാർഡ് – 6	22002164/10.02.2021	100000	0	100000
കേരള വാട്ടർ അതോറിറ്റി	രാജീവ് ഗാന്ധി കോളനി പൈപ്പ് ലൈൻ നീട്ടൽ വാർഡ് – 6	22002168/10.02.2021	300000	0	300000
കേരള വാട്ടർ അതോറിറ്റി	ചോറ്റുപാറ കുടിവെള്ള പദ്ധതി വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കൽ വാർഡ് – 17	22002169/10.02.2021	500000	0	500000

കേരള വാട്ടർ അതോറിറ്റി	എ.കെ.ജി പടി മൂന്നാം മൈൽ പൈപ്പ് ലൈൻനീട്ടൽ വാർഡ് ആനക്കുഴി പുതുവൽ ഞള്ളുവേലി ഭാഗം	22002092/09.11.2020	500000	0	500000
കേരള വാട്ടർ അതോറിറ്റി	റോസാപൂക്കണ്ടം വാട്ടർ ടാങ്ക് റൂഫിംഗ്	22002193/09.11.2021	150000	0	150000
കേരള വാട്ടർ അതോറിറ്റി	വലിയകണ്ടം വാർഡ് പൈപ്പ് ലൈൻനീട്ടൽ	22002124/26.02.2021	188225	0	188225
കേരള വാട്ടർ അതോറിറ്റി	കുരിശുമല ഹോളിഡേ ഹോം പൈപ്പ് ലൈൻനീട്ടൽ	22002164/10.02.2021	100000	0	100000
കെ.എസ്.ഇ.ബി	ഓടമേട് പമ്പ്ഹൗസ് വൈദ്യുതി കണക്ഷൻ നൽകൽ	2986933/09.11.2020	500000	0	500000
കേരള വാട്ടർ അതോറിറ്റി	ചോറ്റുപാറ സ്കൂൾ ഭാഗം പൈപ്പ് ലൈൻനീട്ടൽ	22002165/10.02.2021	500000	0	500000
കെ.എസ്.ഇ.ബി	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22002245/13.01.2021	49004	0	49004
കേരള വാട്ടർ അതോറിറ്റി	പാറാംതോട്ട പടി പൈപ്പ് ലൈൻനീട്ടൽ	22002163/10.02.2021	200000	0	200000
കേരള വാട്ടർ അതോറിറ്റി	കുപ്പാൻ സിറ്റി ആനവച്ചാൽ പൈപ്പ് ലൈൻനീട്ടൽ	22002102/12.03.20201	300000	0	300000
കേരള വാട്ടർ അതോറിറ്റി	കരിവേലിപ്പടി പൈപ്പ് ലൈൻനീട്ടൽ	22002101/12.03.2021	250000	0	250000
കേരള വാട്ടർ അതോറിറ്റി	പരിന്തിരിപിടി പൈപ്പ് ലൈൻനീട്ടൽ	22002103/12.03.2021	225134	0	225134
കേരള വാട്ടർ അതോറിറ്റി	കുരിശുമല ഹോളിഡെ പൈപ്പ് ലൈൻനീട്ടൽ	22002128/25.02.2021	1500000	0	1500000

4-4 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹20,00,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹	തൻ വർഷം വായ്പ തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
					മുതൽ	പലിശ	
ജവഹർ ഭവന പദ്ധതി	299564/D/ BU/LSGD/15 തീ. 01.10.2015	48280740	24531003	0	5000000	1083956	19531003
കെ.യു.ആർ.ഡി. എഫ്. സി. – ലൈഫ് ഭവന പദ്ധതി	GO(MS)68/18/ LSGD തീ. 18.05.2018	54627115	54627115	2000000	5869921	0	50757194

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	₹6000000
തൻവർഷം നിക്ഷേപിച്ച തുക	₹1000000
ആകെ	₹7000000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	₹7000000

പലിശയിനത്തിൽ ലഭിച്ച ₹4,35,449/- തനത് ഫണ്ടിൽ നിക്ഷേപിച്ചു.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ക്രമ നം.	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തീയതി	കാലയളവ്	തുക ₹	റിമാർക്സ്
1	അമരാവതി സർവ്വീസ് സഹകരണ ബാങ്ക്, കുമളി ശാഖ	21.11.2018	1 വർഷം	2500000	-
2	ഗ്രാമീൺ ബാങ്ക്, കുമളി	15.11.2018	1 വർഷം	1000000	-
3	പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	13..11.2018	1 വർഷം	1000000	-

	നെടുങ്കണ്ടം				
4	പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെടുങ്കണ്ടം	17.7.2019	1 വർഷം	1500000	-
5	പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെടുങ്കണ്ടം	10.02.2021	1 വർഷം	500000	
6	പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെടുങ്കണ്ടം	10.02.2021	1 വർഷം	500000	
ആകെ				**7000000**	-

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹7,837/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക ₹	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ/തീയതി
2018-2019	3-1	7837	ശ്രീ. അജിത് കുമാർ വി. ആർ.	12001010567/12.08.2020

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1	2005-06	3-12	2009-10	2.8	നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച്	പരാമർശം തുടരുന്നു
2	2006-07	3-10	2010-11	2.14	നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച്	പരാമർശം തുടരുന്നു
3		-	2014-15	അനുബന്ധം 4	വിഷയാധിഷ്ഠിത അവലോകനം	പരാമർശം തുടരുന്നു
4		-	2015-16	4.1.5	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം	പരാമർശം തുടരുന്നു
5	2014-15	2-3	2016-17	അനുബന്ധം 3	വസ്തു നികുതി അപാകതകൾ	പരാമർശം തുടരുന്നു

					തൊഴിൽ നികുതി അപാകതകൾ	പരാമർശം തുടരുന്നു
6		-	2017-18	അനുബന്ധം 5	നിർവ്വഹണ ഏജൻസിയായ കെ.ഡബ്ല്യൂ.എ.- ഉം ആയി കരാർ ചമച്ചില്ല	പരാമർശം തുടരുന്നു

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടികളിലൂടെ ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക

സ്ഥാപനത്തിന്റെ പേര്	വർഷം	ഖണ്ഡിക നം	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല)	സ്വയം അടവാക്കിയ തുക, രസീത് നം. തീയതി	റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, തീയതി	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭിച്ച തുക	അവശേഷിക്കുന്ന തുക	റിമാർക്സ്
				നമ്പരും തീയതിയും	തുക ₹				ഉൾപ്പെട്ട തുക ₹	ഈടാക്കിയ തുക ₹			
കുമളി ഗ്രാമ പഞ്ചായത്ത്	1998-99	26	എൽ. ധർമ്മപാലൻ	എൽ. എഫ്. 4064/ സ്പെ.സെൽ./ (എസ്.സി.2) 2002 തീ.30.05.02/ 19.07.02	4440	ഇല്ല						4440	
		29			25000	ഇല്ല						25000	
		30			10000	ഇല്ല						10000	
		36			50000	ഇല്ല						50000	
		37			1491	ഇല്ല						1491	
കുമളി ഗ്രാമ പഞ്ചായത്ത്	1999-2000	30,33,35, 36,41,42	എൽ. ധർമ്മപാലൻ	എൽ.എഫ്. 6657/ സ്പെ.സെൽ (എസ്.സി.2) 2003	76900	ഇല്ല						76900	

				തീയതി: 04.12.03								
കുമളി ഗ്രാമ പഞ്ചാ യത്ത്	2000-01	20(A)	എൽ. ധർമ്മപാലൻ	എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2004 തീയതി: 17.05.06	900	ഇല്ല					900	
		22	എൽ. ധർമ്മപാലൻ	എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2004 തീയതി: 17.05.06	1217	ഇല്ല					1217	
		35	എൽ. ധർമ്മപാലൻ	എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2004 തീയതി: 17.05.06	1591	ഇല്ല					1591	
		37(1)	റ്റി.വി. തോമസ്	എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2006 തീയതി: 16.05.06	14440	ഇല്ല					14440	
		40	എൽ. ധർമ്മപാലൻ	എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2006 തീയതി: 17.05.06	745025	ഇല്ല					745025	

കുമളി ഗ്രാമ പഞ്ചായത്ത്	2001-02	14	എം.എൻ. അബ്ദുൾ റഹിം	എൽ.എഫ്. 9190/ സ്പെ.സെൽ (എസ്.സി.2) 2007 തീയതി: 24.11.09	148050	ഇല്ല					148050	
കുമളി ഗ്രാമ പഞ്ചായത്ത്	2002-03	3-11, 3-12, 3-13	റ്റി.വി. തോമസ്	എൽ.എഫ്. 8307/ സ്പെ.സെൽ (എസ്.സി.2) 2007 തീയതി: 26.10.09	23819	ഇല്ല					23819	
കുമളി ഗ്രാമ പഞ്ചായത്ത്	2006-07	3-8	പി.ജെ. ജോസഫ്	എൽ.എഫ്. 23606/ സ്പെ.സെൽ (എസ്.സി./ സി1/11 തീയതി: 07.08.14/ 01.01.14	129004	ഇല്ല					129004	

<u>4-10 ഓഡിറ്റ് പ്രത്യവലോകനം</u>

(എ) <u>സംക്ഷിപ്ത വിവരം</u>

മുന്നിരിപ്പ്	₹5359799.70
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹272198469.00
ആകെ	₹277558268.70
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹255511344.00
നീക്കിയിരിപ്പ്	₹22046924.70
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹555752.00
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹36077864.00

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും

	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	ഉദ്യോഗപ്പേരും	
3-1		10392	ശ്രീ. വർഗ്ഗീസ് ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ	
3-2		9678	ശ്രീ. വർഗ്ഗീസ് ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ	
3-3		11046	ശ്രീ. വർഗ്ഗീസ് ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ	
3-4		437298	ശ്രീ. വർഗ്ഗീസ് ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ	
3-5		24850	ശ്രീമതി. സിൽവി കെ. ജെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ	
3-6		33600	ശ്രീമതി. സിൽവി കെ. ജെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ	
3-7		14000	ശ്രീമതി. ഓമന ശിവശങ്കരൻ, മെമ്പർ	777
			ശ്രീ. ബിജു പി., മെമ്പർ	777
			ശ്രീ. ബിനോയ് കുര്യൻ, മെമ്പർ	777
			ശ്രീമതി. സൻസി മാത്യു, മെമ്പർ	777
			ശ്രീ. വർക്കി വർക്കി, മെമ്പർ	778
			ശ്രീ. ഷിനു സിബു, മെമ്പർ	778
			ശ്രീ. മനു വി, മെമ്പർ	778
			ശ്രീമതി. സുമയ്യ സാഹിർ, മെമ്പർ	778
			ശ്രീ. പ്രജീഷ് എൻ. എസ്., മെമ്പർ	778
			ശ്രീമതി. ഉഷ രാജൻ, മെമ്പർ	778

			ശ്രീ. രാജൻ പി, മെമ്പർ	778
			ശ്രീ. ബിജു ഡാനിയേൽ, മെമ്പർ	778
			ശ്രീമതി. ഷീബ സുരേഷ്, മെമ്പർ	778
			ശ്രീ. ഹൈദ്രോസ് മീരാൻ, മെമ്പർ	778
			ശ്രീമതി. ത്രേസ്യാമ്മ തോമസ്, മെമ്പർ	778
			ശ്രീമതി. ജെസി റോബിൻ, മെമ്പർ	778
			ശ്രീമതി. മണിമേഖല മുനിയദാസ്, മെമ്പർ	778
			ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി	778
3-8		6785	ശ്രീ. വർഗ്ഗീസ് ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ	
3-9		8103	ശ്രീ. സുർജിത് ശശി, വി.ഇ.ഒ	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	
1-17	1098435	ശ്രീ. ബൈജു കെ. ലാൽ, അസിസ്റ്റന്റ് സെക്രട്ടറി	
1-18	100000	ഡോ. എസ്. കാളീശ്വരൻ, വെറ്ററിനറി സർജൻ	
1-19	1591850	ശ്രീ. സിഫി പി., അസിസ്റ്റന്റ് സെക്രട്ടറി	
1-20	1199815	ശ്രീമതി ആശ ശശി, കൃഷി ഓഫീസർ	
1-22	1800000	ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി	
1-23	8227863	ശ്രീ. കെ. സെൻകുമാർ,	

		സെക്രട്ടറി	
1-24	400000	ഡോ. ഇന്ദു വി. സുകുമാർ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	
1-29	249052	ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി	
1-30	2272000	ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി	
1-30-1	4900000	ശ്രീമതി. ഓമന ശിവശങ്കരൻ, മെമ്പർ	257894
		ശ്രീ. ബിജു പി, മെമ്പർ	257894
		ശ്രീ. ബിനോയ് കുര്യൻ, മെമ്പർ	257894
		ശ്രീ. വർക്കി വർക്കി, മെമ്പർ	257894
		ശ്രീ. ഷിനു സിബു, മെമ്പർ	257894
		ശ്രീ. മനു വി, മെമ്പർ	257895
		ശ്രീമതി. മേരി അസ്പിൻ, മെമ്പർ	257895
		ശ്രീ. പ്രജീഷ് എൻ. എസ്, മെമ്പർ	257895
		ശ്രീമതി. ഉഷ രാജൻ, മെമ്പർ	257895
		ശ്രീമതി. ആൻസി ജെയിംസ്, മെമ്പർ	257895
		ശ്രീ. ഷാജിമോൻ എസ്, മെമ്പർ	257895
		ശ്രീ. രാജൻ പി, മെമ്പർ	257895
		ശ്രീ. ബിജു ഡാനിയേൽ, മെമ്പർ	257895
		ശ്രീമതി. ഷീബ സുരേഷ്,	257895

		മെമ്പർ	
		ശ്രീ. ഹൈദ്രോസ് മീരാൻ, മെമ്പർ	257895
		ശ്രീമതി. ത്രേസ്യാമ്മ തോമസ്, മെമ്പർ	257895
		ശ്രീമതി. ജെസി റോബിൻ, മെമ്പർ	257895
		ശ്രീമതി. മണിമേഖല മുനിയദാസ്, മെമ്പർ	257895
		ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി	257895
1-30-2		ശ്രീമതി. ഓമന ശിവശങ്കരൻ, മെമ്പർ	53667
		ശ്രീ. ബിജു പി., മെമ്പർ	53667
		ശ്രീ. ബിനോയ് കുര്യൻ, മെമ്പർ	53667
		ശ്രീമതി. സൻസി മാത്യു, മെമ്പർ	53667
		ശ്രീ. വർക്കി വർക്കി, മെമ്പർ	53667
		ശ്രീ. ഷിനു സിബു, മെമ്പർ	53667
		ശ്രീ. മനു വി., മെമ്പർ	53667
		ശ്രീമതി. സുമയ്യ സാഹിർ, മെമ്പർ	53667
		ശ്രീ. പ്രജീഷ് എൻ. എസ്, മെമ്പർ	53667
		ശ്രീമതി. ഉഷ രാജൻ, മെമ്പർ	53667
		ശ്രീ. രാജൻ പി, മെമ്പർ	53667
		ശ്രീ. ബിജു ഡാനിയേൽ,	53666

		മെമ്പർ	
		ശ്രീമതി. ഷീബ സുരേഷ്, മെമ്പർ	53666
		ശ്രീ. ഹൈദ്രോസ് മീരാൻ, മെമ്പർ	53666
		ശ്രീമതി. ത്രേസ്യാമ്മ തോമസ്, മെമ്പർ	53666
		ശ്രീമതി. ജെസി റോബിൻ, മെമ്പർ	53666
		ശ്രീമതി. മണിമേഖല മുനിയദാസ്, മെമ്പർ	53666
		ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി	53667
1-30-3		ശ്രീമതി. ഓമന ശിവശങ്കരൻ, മെമ്പർ	23100
		ശ്രീ. ബിജു പി, മെമ്പർ	23100
		ശ്രീ. ബിനോയ് കുര്യൻ, മെമ്പർ	23100
		ശ്രീമതി. സൻസി മാത്യു, മെമ്പർ	23100
		ശ്രീ. വർക്കി വർക്കി, മെമ്പർ	23100
		ശ്രീ. ഷിനു സിബു, മെമ്പർ	23100
		ശ്രീ. മനു വി, മെമ്പർ	23100
		ശ്രീമതി. മേരി അസ്സിൻ, മെമ്പർ	23100
		ശ്രീമതി. സുമയ്യ സാഹിർ, മെമ്പർ	23100
		ശ്രീ. പ്രജീഷ് എൻ. എസ്, മെമ്പർ	23100
		ശ്രീമതി. ഉഷ രാജൻ,	23100

		മെമ്പർ	
		ശ്രീമതി. ആൻസി ജെയിംസ്, മെമ്പർ	23100
		ശ്രീ. ഷാജിമോൻ എസ്, മെമ്പർ	23100
		ശ്രീ. രാജൻ പി, മെമ്പർ	23100
		ശ്രീ. ബിജു ഡാനിയേൽ, മെമ്പർ	23100
		ശ്രീമതി. ഷീബ സുരേഷ്, മെമ്പർ	23100
		ശ്രീ. ഹൈദ്രോസ് മീരാൻ, മെമ്പർ	23100
		ശ്രീമതി. ത്രേസ്യാമ്മ തോമസ്, മെമ്പർ	23100
		ശ്രീമതി. ജെസി റോബിൻ, മെമ്പർ	23100
		ശ്രീമതി. മണിമേഖല മുനിയദാസ്, മെമ്പർ	23100
		ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി	23100
1-31	4282099	ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി	
1-32	9988705	ശ്രീമതി. ഓമന ശിവശങ്കരൻ, മെമ്പർ	327000
		ശ്രീ. ബിജു പി, മെമ്പർ	327000
		ശ്രീ. ബിനോയ് കുര്യൻ, മെമ്പർ	327000
		ശ്രീ. വർക്കി വർക്കി, മെമ്പർ	327000
		ശ്രീ. ഷിനു സിബു, മെമ്പർ	327000
		ശ്രീ. മനു വി, മെമ്പർ	327000

		ശ്രീമതി. മേരി അസ്റ്റിൻ, മെമ്പർ	327000
		ശ്രീ. പ്രജീഷ് എൻ. എസ്, മെമ്പർ	327000
		ശ്രീമതി. ഉഷ രാജൻ, മെമ്പർ	327000
		ശ്രീമതി. ആൻസി ജെയിംസ്, മെമ്പർ	327000
		ശ്രീ. ഷാജിമോൻ എസ്, മെമ്പർ	327000
		ശ്രീ. രാജൻ പി, മെമ്പർ	327000
		ശ്രീ. ബിജു ഡാനിയേൽ, മെമ്പർ	327000
		ശ്രീമതി. ഷീബ സുരേഷ്, മെമ്പർ	327000
		ശ്രീ. ഹൈഡ്രോസ് മീരാൻ, മെമ്പർ	327000
		ശ്രീമതി. ത്രേസ്യാമ്മ തോമസ്, മെമ്പർ	327000
		ശ്രീമതി. ജെസി റോബിൻ, മെമ്പർ	327000
		ശ്രീമതി. മണിമേഖല മുനിയദാസ്, മെമ്പർ	327000
		ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി	4102705

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-4	874596	ശ്രീ. ജോസഫ് വർഗ്ഗീസ് അസി. എഞ്ചിനീയർ

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

– ഇല്ല –

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ഓമന ശിവശങ്കരൻ, മെമ്പർ	-	എച്ച്.എം.എൽ ലെയ്ൻസ്, ചെങ്കര-685533
ശ്രീ. ബിജു പി, മെമ്പർ	-	വനശ്രീ, മന്നാക്കുടി, കുമളി-685509
ശ്രീ. ബിനോയി കുര്യൻ മെമ്പർ	-	നടുപറമ്പിൽ, വെള്ളാരംകുന്ന്-685535
ശ്രീ. സൻസി മാത്യു മെമ്പർ	-	കാരക്കാട്ടിൽ, അമരാവതി, കുമളി-685509
ശ്രീ. വർക്കി വർക്കി, മെമ്പർ	-	ആലക്കാപ്പറമ്പിൽ, അട്ടപ്പള്ളം, കുമളി-685509
ശ്രീമതി. ഷിനു ഷിബു, മെമ്പർ	-	വലയത്തിൽ, അമരാവതി, രണ്ടാം മൈൽ-685509
ശ്രീ. മനു വി, മെമ്പർ	-	പുത്തൻവീട്, കുമളി-685509
ശ്രീമതി. മേരി ആസ്റ്റിൻ, മെമ്പർ	-	കുഴിക്കൽ, കുമളി-685509
ശ്രീമതി. സുമയ്യ സാഹിർ, മെമ്പർ	-	കിണറ്റിൻകരയിൽ, കുമളി-685509
ശ്രീ. പ്രജീഷ് എൻ.എസ്, മെമ്പർ	-	ചിറയിൽ വീട്, തേക്കടി, കുമളി-685509
ശ്രീമതി. ഉഷ സാജൻ, മെമ്പർ	-	പ്ലാമൂട്ടിൽ, മന്നാക്കുടി, കുമളി-685509
ശ്രീമതി. ആൻസി ജെയിംസ്, മെമ്പർ	-	നടുപറമ്പിൽ, കുമളി-685509
ശ്രീ. ഷാജിമോൻ എസ്, മെമ്പർ	-	കളരിക്കൽ, കുമളി-685509
ശ്രീ. രാജൻ പി, മെമ്പർ	-	വലിയകണ്ടത്തിൽ, ചെളിമട, കുമളി-685509
ശ്രീ. ബിജു ഡാനിയേൽ, മെമ്പർ	-	പള്ളിക്കലേത്ത്, അട്ടപ്പള്ളം-685509
ശ്രീമതി. ഷീബ സുരേഷ്, മെമ്പർ	-	പാലക്കാട്ടിൽ, ഒന്നാം മൈൽ, കുമളി-685509

ശ്രീ. ഹൈദ്രോസ് മീരാൻ, മെമ്പർ	-	അമ്മച്ചിവീട്ടുവളപ്പിൽ, ചോറ്റുപാറ, കുമളി-685552
ശ്രീമതി. ത്രേസ്യാമ്മ തോമസ്, മെമ്പർ	-	കുന്നേൽപറമ്പിൽ, മുരിക്കടി-685535
ശ്രീമതി. ജെസി റോബിൻ, മെമ്പർ	-	കാരക്കാട്ട്, വെള്ളാരംകുന്ന്-685535
ശ്രീമതി. മണിമേഖല മുനിയദാസ്, മെമ്പർ	-	എച്ച്.എം.എൽ ലെയ്ൻസ്, ആനക്കുഴി, ചെങ്കര-685533
ശ്രീ. കെ സെൻകുമാർ, സെക്രട്ടറി	സെക്രട്ടറി, കുമളി ഗ്രാമ പഞ്ചായത്ത്	പാലപ്പാറ ഹൌസ്, അട്ടപ്പള്ളം പി.ഒ, കുമളി – 685509
ഡോ. ഇന്ദു വി. സുകുമാർ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം കുമളി ഗ്രാമ പഞ്ചായത്ത്	പ്രമദവനം, ഭരതന്നൂർ പി.ഒ, തിരുവനന്തപുരം
ശ്രീ. വർഗ്ഗീസ് ജോസഫ്, അസി. എഞ്ചിനീയർ	അസി. എഞ്ചിനീയർ കുമളി ഗ്രാമ പഞ്ചായത്ത്	വയലിൽ, കൂവപ്പള്ളി പി.ഒ, കാഞ്ഞിരപ്പള്ളി, കോട്ടയം ജില്ല
ശ്രീമതി. സിൽവി കെ. ജെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ കൂവപ്പടി ഗ്രാമ പഞ്ചായത്ത്	പോളേപ്പറമ്പിൽ, സൗത്ത് വാഴക്കുളം പി.ഒ, ആലുവ
ഡോ. കാളീശ്വരൻ, വെറ്ററിനറി സർജൻ	വിരമിച്ചു	നിനാർകോവിൽ, രാമനാഥപുരം, തമിഴ്നാട്
ശ്രീ. സിഫി പി. അസി. സെക്രട്ടറി	അസി. സെക്രട്ടറി ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത്	സിയ വില്ല, ശ്രീകൃഷ്ണ നഗർ, ആശ്രമം, കൊല്ലം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ	ഖണ്ഡികകളുടെ എണ്ണം
1998-99	എൽ.എഫ്.ഐ.6-308/2000/ 31.01.2001	26, 29, 30, 36, 37	5
1999-00	എൽ.എഫ്.ഐ 6-55/2001/ 08.04.2002	30, 33, 35, 36, 41, 42	6
2000-01	എൽ.എഫ്.ഐ 6-120/2003 30.06.2003	20, 22, 35, 37(1), 40	5

2001-02	എൽ.എഫ്.ഐ 6-40/04 06.08.2004	14	1
2002-03	എൽ.എഫ്.ഐ 6-640/2005/ 11.01.2006	2-5, 3-11, 12, 13	4
2003-04	എൽ.എഫ്.ഐ 6-450/2007/ 04.09.2007	3-5	1
2005-06	എൽ.എഫ്.ഐ 6-1109/2008/ 25.05.2009	3-2, 12, 16, 17, 18	5
2006-07	എൽ.എഫ്.ഐ 8/1287/13/ 06.11.2013	2-1 (I) A,B,C, 2-1(II), 2-2 മുതൽ 2-8 വരെ 3-1 മുതൽ 3-19 വരെ	26
2007-08	കെ.എസ്.എ-ഐ.ഡി.കെ.8/ 1019/17	2-3, 2-4, 3-1, 3-3(ഭാഗികം), 3-4, 3-6, 3-7, 3-8, 3-9, 3-11 മുതൽ 3-16 വരെ	15
2008-09	കെ.എസ്.എ-ഐ.ഡി.കെ.8/804/ 2018/27.16.18	2-1 മുതൽ 2-8 വരെ, 3-1 മുതൽ 3-17 വരെ	25
2009-10	എൽ.എഫ്.ഐ 8-1247/14/ 31.03.15	2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-16 വരെ	22
2010-11	കെ.എസ്.എ-ഐ.ഡി.കെ.8/229/ 18/01.03.18	2-1 മുതൽ 2-4 വരെ 3-1 മുതൽ 3-10 വരെ	14
2011-12	കെ.എസ്.എ-ഐ.ഡി.കെ.8/ 1003/18/11.01.18	2-1,2-2, 3-1 മുതൽ 3-16 വരെ	18
2012-13	എൽ.എഫ്.ഐ 8-829/ 2014/ 13.03.15	2-1 മുതൽ 2-6 വരെ, 3-1 മുതൽ 3-9 വരെ	15
2013-14	കെ.എസ്.എ.-ഐ.ഡി.കെ 8/ 784/18 04.04.18	2-1 A, B, 2-2, 2-3, 3-1 മുതൽ 3-4, 3-6, 3-7 വരെ	9
2014-15	കെ.എസ്.എ.-ഐ.ഡി.കെ 8/ 1143/17/17.10.17	2-2, 2-3, 3-1 മുതൽ 3-12 വരെ	14
2015-16	കെ.എസ്.എ.-ഐ.ഡി.കെ.8/ 447/18/18.05.18	2-1, 2-2, 3-1 മുതൽ 3-9 വരെ	11
2016-17	കെ.എസ്.എ.-ഐ.ഡി.കെ	2-1 മുതൽ 2-4, 2-6 മുതൽ 2-9 വരെ 3-1	22

	8/341/18 22.03.18	മുതൽ 3-16 വരെ	
2018-19	കെ.എസ്.എ.-ഐ.ഡി.കെ 8/980/18 05.10.2018	1-12, 2-1 മുതൽ 2-5, 3-1 മുതൽ 3-11വരെ 4-2 മുതൽ 4-10 വരെ	16

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്